# Hello Hope
# ഹലോ ഹോപ്പ്

---Hope Harbour for Believers---

+973 38383399 | HelloHope | GULF EDITION

For private circulation only | Issue No.19, February 2019 | Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN




## നന്ദിയുള്ളവരായിരിക്കുക...
## ദൈവത്തോടും മനുഷ്യരോടും



ജോർജ് ജോസഫ്

ഒരു വർഷം കൂടെ നാം പിന്നിട്ടിരിക്കുന്നു. ഒരിക്കലും തിരിച്ചു വരാത്ത സമയങ്ങളാണ് നമ്മെ വിട്ടു പോയത്. വളരെ ശുഭപ്രതീക്ഷയോടും പുതിയ തീരുമാനങ്ങളോടും ആയിരുന്നല്ലോ 2018 ലേക്ക് നാം പ്രവേശിച്ചത്. അതിൽ എത്ര കാര്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്? പല തീരുമാനങ്ങളും നടപ്പാക്കുന്നതിൽ പാളിച്ചകൾ വന്നിട്ടില്ലേ? പുതുവർഷത്തിലേക്കു പ്രവേശിക്കുമ്പോൾ പലർക്കും വേദം മാത്രം ബാക്കി നിൽക്കും. പിന്നിട്ട വർഷത്തിൽ ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. പുതുവത്സരത്തിൽ എടുത്ത പ്രതിജ്ഞകൾ അല്പായുസ്സായിപ്പോയി. എന്നിങ്ങനെ ദൈവസന്നിധിയിൽ ചെയ്ത തീരുമാനങ്ങളും ഉടമ്പടികളും അപ്രകാരം നിറവേറ്റുവാൻ കഴിയാതെ ദൈവസന്നിധിയിൽ അവിശ്വസ്തരായും, നന്ദികെട്ടവരായും തീർന്നിട്ടുണ്ടെങ്കിലും അതിനനുസരണമായി പകരം ചെയ്യാതെ കർത്താവ് അതൊക്കെയും ക്ഷമിച്ചു ഒരു വർഷം കൂടെ നിലനിൽക്കുവാൻ കൃപാകടാക്ഷം കാണിച്ചു.

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ മാറ്റമില്ലാത്തതായ ദൈവവചനം നമുക്കൊരു ചൂണ്ടുപലകയായി വർത്തിക്കുന്നു. 'ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു '(ആവർത്തനം 30: 19). ഒന്നുകിൽ ജീവൻ അല്ലെങ്കിൽ മരണം, ഒന്നുകിൽ അനുഗ്രഹം അല്ലെങ്കിൽ ശാപം. തിരഞ്ഞെടുപ്പ് നമ്മുടേതാണ്. മോശെയുടെ മരണത്തിനു മുമ്പായി എല്ലാ യിസ്രായേലിനേയും വിളിച്ചു കൂട്ടി അവരോട് പറയുന്ന കാര്യമാണ് ആവർത്തന പുസ്തകം 30-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മോശെ അവരോട് പറയുകയാണ് നിങ്ങൾ പൂർണ്ണമനസ്സോടെ തിരിഞ്ഞു ദൈവത്തിങ്കലേക്ക് വരുവാൻ തയ്യാറായാൽ നിന്റെ ദൈവമായ യഹോവ നിങ്ങളെ സ്വീകരിക്കുവാൻ തയ്യാറാണ് (ആവർത്തനം 30: 1-3). നോക്കുക യിസ്രായേൽ ജനത ദൈവത്തിന്റെ വഴികളെ വിട്ടു നടന്നു. 'അവരുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ അവരെ മിസ്രയീം ദേശത്തു നിന്നു പുറപ്പെടുവിച്ചപ്പോൾ അവരോടു ചെയ്തിരുന്ന നിയമം അവർ ഉപേക്ഷിച്ചു.

.....ശേഷം 15 -ാം പേജിൽ

## മുൾപഥങ്ങളിൽ വസന്തപ്രയാണം ചെയ്ത
# തങ്കച്ചായൻ

- ജിജോ അങ്കമാലി



ഏഴ് പൂർണ്ണതയെ കാണിക്കുന്ന സംഖ്യയാണെങ്കിൽ രണ്ട് ഏഴുകൾ ചേർന്ന എഴുപത്തി ഏഴോ? പരാതികളും പരിഭവങ്ങളുമില്ലാതെ പൂർണ്ണസംതൃപ്തിയോടെ ജീവിതത്തിന്റെ മുൾ പഥങ്ങളിലൂടെ വസന്ത പ്രയാണം ചെയ്ത് എഴുപത്തേഴാമത്തെ വയസ്സിൽ നിത്യതയുടെ പൂർണ്ണതയിലേക്ക് പ്രവേശിച്ച ജീവിതമാണ് തങ്കച്ചായൻ എന്ന് ഏവരും സ്നേഹപൂർവ്വം വിളിക്കുന്ന ഡോ.റ്റി.റ്റി. തോമസിന്റേത്.

തോട്ടുമാലിൽ ഇട്ടിയവരാ, അച്ചുകുട്ടി ദമ്പതികളുടെ മകനായ് 1941 ഒക്ടോബർ 21-ാം തീയതി പിറന്ന തന്റെ വിദ്യാഭ്യാസകാലം വിപ്ലവ പരിവേഷമുള്ള ചിന്തകളാൽ മുഖരിതമായിരുന്നു. എന്നാൽ ഭക്തരായ മാതാപിതാക്കളുടെ പ്രാർത്ഥനയും ഉപദേശങ്ങളും തന്റെ ജീവിത ഗതി മാറ്റി എഴുതി. ചെറുപ്രായത്തിൽ പിതാവ് നഷ്ടപ്പെട്ടെങ്കിലും മകനൊരു സുവിശേഷകനാകണം എന്ന ആഗ്രഹമായിരുന്നു മാതാവിന്. 1963- ൽ തന്റെ ജ്യേഷ്ഠസഹോദരൻ പാസ്റ്റർ റ്റി.റ്റി. ജോസഫിന്റെ ഉത്സാഹത്താൽ ബഹ്റൈനിൽ എത്തിയ താൻ T.Tomina & Sons എന്ന കൺസ്ട്രക്ഷൻ കമ്പനിയിൽ സൈറ്റ് സൂപ്പർ വൈസറായ് ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1966 -ൽ M/s. Ali Bin Ebrahim Abdul Aal എന്ന കമ്പനിയിൽ സിവിൽ എഞ്ചിനീയറായി 10 വർഷം ജോലിയിൽ തുടർന്നു. പിന്നീട് 1976 -ൽ ഇലക്ട്രിക്കൽ ആന്റ് വാട്ടർ സപ്ലൈ ഡിവിഷൻ അതേ കമ്പനിയിൽ ആരംഭിച്ചു ലാഭവിഹിത പങ്കാളിത്വത്തിൽ 34 വർഷം ജോലി ചെയ്തു.

1990 -ൽ The New Indian School എന്ന വിദ്യാഭ്യാസ സ്ഥാപനവും 2002-ൽ കോട്ടയം ഏറ്റുമാനൂരിൽ എബനേസർ ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂളും, ബഹ്റൈനിൽ എബനേസർ പ്രൈവറ്റ് സ്കൂൾ, എബനേസർ ഇന്റർനാഷണൽ ഹോൾഡിംഗ് കമ്പനി എന്നീ സ്ഥാപനങ്ങൾ തുടങ്ങുവാനും വളർച്ചയിലേക്ക് നയിക്കുവാനും തനിക്ക് ഇടയായി.

.....ശേഷം 10 -ാം പേജിൽ

മുഖ പ്രസംഗം

# ദൈവത്തിന്റെ ആലയം




**രാജീവ് സ്റ്റുവർട്ട്**
ചീഫ് എഡിറ്റർ


തിരുവചനത്തിൽ എവിടെയൊക്കെ ദൈവത്തിന്റെ ആലയമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ അവിടെയൊക്കെ സഭയെയാണ് അർത്ഥമാക്കുന്നത്. എവിടെയൊക്കെ സഭയുണ്ടോ; അവിടെയൊക്കെ ക്രിസ്തു ഉണ്ട്. അതു മരുഭൂമിയിലെ സമാഗമന കൂടാരമാകട്ടെ ശലോമോന്റെ ദൈവാലയമാകട്ടെ, ആത്മീയ വാക്കുകളിൽ പറഞ്ഞാൽ പുതിയ നിയമത്തിലുള്ള സഭയാകട്ടെ, അവിടെയൊക്കെ അത് ക്രിസ്തു അല്ലാതെ മറ്റൊന്നല്ല. അത് ക്രിസ്തു തന്നെ. ദൈവത്തിന്റെ ആലയമായ കർത്താവായ യേശു തിരുവെഴുത്തുകളിൽ ഉടനീളം കാണുന്ന എല്ലാ ആലയങ്ങളിലെ കാര്യങ്ങളും നിർവ്വഹിക്കുന്നു.

ദൈവം ക്രിസ്തുവിലാണ്. അവൻ ക്രിസ്തുവിൽ വസിക്കുന്നതുപോലെ വേറൊരുവനിലും വസിക്കുന്നില്ല. ദൈവത്തിന്റെ ക്രിസ്തുവിലെ വാസം നിസ്തുല്യമാണ്. അതിപരിശുദ്ധസ്ഥലം ക്രിസ്തുവിൽ മാത്രമാണ്. ദൈവശബ്ദത്തിന്റെ അവസാന വാക്ക് ക്രിസ്തുവിലാണ്, ക്രിസ്തുവിൽ മാത്രം. അങ്ങനെ നാം, അനേകർ ചേർന്ന ആലയം എന്ന ചിന്തയിലേക്കു വരുന്നു. എന്താണീ അനേകർ ചേർന്ന ദൈവാലയം? പുതിയ നിയമത്തിൽ ക്രിസ്തുവിൽ എന്ന വാക്കിൽ അതുൾക്കൊള്ളിച്ചിരിക്കുന്നു. ക്രിസ്തുവിൽ എന്ന ഈ പദം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ നൂറിലേറെ പ്രാവശ്യം പുതിയ നിയമത്തിൽ കാണാം. ഈ ലോകത്തിൽ ഏറ്റവും അധികം സംശോധനം ചെയ്യപ്പെട്ട ബൈബിൾ, അതിനെപ്പറ്റി ഇങ്ങനെ പറയുന്നു, ‘ക്രിസ്തുവിനെപ്പറ്റി എഴുതപ്പെട്ടതെല്ലാം പുസ്തകത്തിലാക്കിയാൽ ആ പുസ്തകം ഈ ലോകത്തിൽ തന്നെ ഒതുങ്ങുകയില്ല’. എന്നാൽ അത്ര ബൃഹത്തായ വിവരണങ്ങളുടെ ഇടയിൽ നിന്ന്, നമുക്കു കൊണ്ടുനടക്കുവാൻ സൗകര്യമായ വിധത്തിൽ ഒരു പുസ്തകം നമുക്കു ദൈവം തന്നിരിക്കുന്നു. അതുകൊണ്ട് ഈ വചനത്തിൽ ആവർത്തിച്ചു പറയുന്ന വാക്കുകൾ അത്യന്തം പ്രാധാന്യമേറിയതാണ്. ‘ക്രിസ്തുവിൽ’ എന്നു പറഞ്ഞാൽ ‘ദൈവത്തിന്റെ ആലയത്തിൽ’ എന്നാണ് അർത്ഥം.

നാം ഏത് സഭയിൽ അംഗമായാലും ശരി യേശുക്രിസ്തുവിൽ അല്ലെങ്കിൽ ദൈവത്തിന്റെ ആലയത്തിന് പുറത്താണ്. ക്രസ്തുവിൽ വസിക്കുക എന്നു പറഞ്ഞാൽ ക്രിസ്തുവിൽ ഇല്ലാത്ത സകലത്തേയും സമ്പൂർണ്ണമായി പുറന്തള്ളുക എന്നാണ്. നാമും ക്രിസ്തുവും തമ്മിലുള്ള വ്യത്യാസം അത്ര വലുതും ആത്യന്തികവും ആകയാൽ അതിന് ഒരു ശവക്കുഴിയുടെ വീതിയും ആഴവും ഉണ്ട്. ക്രിസ്തുവിൽ ആകണമെങ്കിൽ, അവന്റെ ആലയത്തിൽ പ്രവേശിക്കണമെങ്കിൽ, നിങ്ങളും ഞാനും യാഗപീഠം വഴിയായി വന്നേ മതിയാകൂ. യാഗപീഠം എപ്പോഴും മരണത്തെ കാണിക്കുന്നു. യാഗപീഠം മരണത്തിന്റെ സ്ഥലമാകയാൽ പഴയനിയമകാലത്ത്, യാഗപീഠം കാണുന്നതിനു വളരെ മുമ്പുതന്നെ, അതിന്റെ ഗന്ധം കൊണ്ട് അത് തിരിച്ചറിയാമായിരുന്നു. നാം ക്രിസ്തുവിനോട് ആദ്യം ഏകീഭവിക്കുന്നത് അവന്റെ മരണത്തിലാണ്. അവന്റെ മരണം നമ്മുടെ മരണം ആണ്, യാഗപീഠം അതാണ്. അവിടെ കാണുന്നത് നമ്മുടെ രക്തം അല്ല, അവന്റെ (ക്രിസ്തുവിന്റെ) രക്തം ആണ്. നാം പ്രതിശാന്തി വരുത്തിയ ജീവൻ അല്ല, നമ്മുടെ മെച്ചപ്പെട്ട ജീവിതം അല്ല, നമ്മുടെ ജീവനേ അല്ല, ക്രിസ്തുവിന്റെ ജീവൻ ആണത്.

പ്രാധാന്യം അർഹിക്കുന്ന കാര്യം ക്രിസ്തുവിൽ വസിക്കുക എന്നതും ദൈവത്തിന്റെ ആലയത്തിൽ ആയിരിക്കുക എന്നതും ആണ്. ദൈവത്തിന്റെ ആലയം നാം ആയിരിക്കുന്ന, അനേകർ ഒത്തുചേർന്ന ഒന്നാണെന്ന് പറയുന്നത് നാം ക്രിസ്തുവിൽ ആയിരിക്കുന്നു എന്ന ഒറ്റ കാരണം കൊണ്ടാണെന്ന് പൗലോസ് പറയുന്നു. കൊരിന്ത്യർക്ക് എഴുതുമ്പോൾ താൻ ഇങ്ങനെ എഴുതുന്നു ’ശരീരം ഒന്നും, അതിന്നു അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു’ (1 കൊരി.12: 12, 13). വീണ്ടും ജനനത്തിൽ ഇതാണ് സംഭവിക്കുന്നത്. പരിശുദ്ധാത്മാവ് ഒരു അത്ഭുത പ്രവൃത്തിയാൽ നമ്മെ ക്രിസ്തുവിൽ ആക്കുന്നു. അങ്ങനെ ക്രിസ്തുവിൽ ആയ നാം ദൈവത്തിന്റെ ആലയത്തിൽ ആയിത്തീർന്നു. ദൈവത്തിന്റെ ആലയത്തിൽ ആയിത്തീർന്നു എന്നുമാത്രമല്ല, ക്രിസ്തുവിനോടുള്ള നമ്മുടെ ഐക്യത നിമിത്തം നാം തന്നെ ദൈവത്തിന്റെ ആലയം ആയിത്തീരുന്നു.

ആകയാൽ നാം ദൈവത്തിന്റെ ആലയമാകയാൽ, നമ്മുടെ സ്വയത്തിലൂന്നി പ്രവർത്തിക്കാതെ നമ്മുടെ താല്പര്യങ്ങളും വഴികളും ദിനംന്തോറും യാഗപീഠത്തിൽ സമർപ്പിക്കാം.

## PCNAK Miami 2019 — Bahrain Invitational Meeting




ബഹറിനിൽ ആദ്യമായി **PCNAK** ന്റെ ഒരു ഇൻവിറ്റേഷണൽ മീറ്റിംഗ് പാസ്റ്റർ മാത്തൻ സാമുവേലിന്റെ നേതൃത്വത്തിൽ ജനുവരി 30, 7:30 ന് സെഗയ്യയിലുള്ള ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ വെച്ച് നടന്നു. നാഷണൽ കൺവീനർ **Rev. K.C. John,** നാഷണൽ ട്രഷറർ ബ്രദർ ബിജു ജോർജ് എന്നിവർ സംബന്ധിച്ചു. പാസ്റ്റർ പി.എം ജോയി **(AG Bahrain)** അദ്ധ്യക്ഷത വഹിച്ചു പാസ്റ്റർ തോമസ് ചാക്കോ **(Immanuel IPC)** നന്ദി പറഞ്ഞു.

***കൂടുതൽ വിവരങ്ങൾക്ക്***

*പാസ്റ്റർ മാത്തൻ സാമുവേൽ : +973 38885701*
*ബ്രദർ പെന്നി ഫിലിപ്പ് : +973 3924 0442*



THE BAHRAIN MALAYALEE CHRISTIAN CONGREGATION

# ബി. എം. സി. സി. സാരഥികൾ - 2019



**പ്രസിഡന്റ്**
ബ്രദർ അനിൽ തോമസ്
(ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്)



**വൈസ് പ്രസിഡന്റ്**
ബ്രദർ പ്രസാദ് എബ്രഹാം
(സുവാർത്താ ചർച്ച്)



**സെക്രട്ടറി**
ബ്രദർ ഡേവിസ് ഇട്ടി
(ബഥേൽ ബ്രദറൻ അസംബ്ളി)



**അസിസ്റ്റന്റ് സെക്രട്ടറി**
ബ്രദർ മാത്യു കെ. ജേക്കബ്
(അസംബ്ളീസ് ഓഫ് ഗോഡ് ചർച്ച്)



**ട്രഷറർ**
ബ്രദർ ജെൻസൺ ജോർജ്
(എബനേസർ ബ്രദറൻ അസംബ്ളി)



**അസിസ്റ്റന്റ് ട്രഷറർ**
ബ്രദർ ബിജിൻ ടി. ജോർജ്
(ഗഫൂൾ ബ്രദറൻ അസംബ്ളി)



**ക്വയർ ലീഡർ**
ബ്രദർ സണ്ണി സോളമൻ
(മനാമ ബ്രദറൻ അസംബ്ളി)



**അസിസ്റ്റന്റ് ക്വയർ ലീഡർ**
ബ്രദർ ഷാജി സി. തോമസ്
(ഐ.പി.സി. ഇമ്മാനുവേൽ)



**കമ്മറ്റി മെംബർ**
ബ്രദർ പ്രസാന്ത് മോഹൻ
(ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ബഥേൽ)



**കമ്മറ്റി മെംബർ**
ബ്രദർ ബിജോയ് വർഗീസ്
(സെന്റ് തോമസ് ഇവാഞ്ചലിക്കൽചർച്ച്)



**കമ്മറ്റി മെംബർ**
ബ്രദർ ടോമി ചൂരനോലി
(ചർച്ച് ഓഫ് ഗോഡ് ബഹറിൻ)



**കമ്മറ്റി മെംബർ**
ഡോ. രമേഷ് പുന്നൻ
(ബിലീവേഴ്സ് ബ്രദറൻ അസംബ്ളി)



**കമ്മറ്റി മെംബർ**
ബ്രദർ ജോർജ് ജേക്കബ്
(ഐ.പി.സി. ബഹറിൻ)



**കമ്മറ്റി മെംബർ**
ബ്രദർ കെ.ജെ. ജോൺസൺ
(ഐ.പി.സി. ഹെബ്രോൺ)



**കമ്മറ്റി മെംബർ**
ബ്രദർ സുജിത്ത് കുമാർ
(ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ് )



**ഓഡിറ്റർ**
ബ്രദർ ജിജോ ഡി. പോൾ

# സ്വർഗ്ഗത്തിൽ ഇരുന്ന് പാതാളത്തിലേക്ക് ഒരു യാത്ര

## വിസ്മയക്കാഴ്ചകൾ



**പാസ്റ്റർ റ്റി.എൽ. ഷാജി**

പുരോഗതിയുടെ അസാധാരമായ പടവുകൾ ചവുട്ടിക്കയറുകയാണ് കൊച്ചി എന്ന മഹാനഗരം. മെട്രോപോളിറ്റൻ സിറ്റി എന്ന നാമം നെറുകയിൽ ചൂടാൻ ഒരുങ്ങുകയാണ് ആ അറബിക്കടലിന്റെ റാണി.

യുവതലമുറകൾക്ക് വൈറ്റ് കോളർ ജോലി വാഗ്ദാനം ചെയ്യുന്ന ഐടി മേഖലകളും കൊച്ചിയുടെ വികസന കുതിപ്പിനു വേഗത കൂട്ടുന്നു. അപൂർവ്വമായ വിസ്മയ കാഴ്ചകളുടെ വിരുന്നൊരുക്കുന്ന കൊച്ചി, സ്വദേശികളേയും വിദേശികളേയും ഒരുപോലെ ആകർഷിക്കുന്നു. ഈ നഗരകാഴ്ചകളിൽ വിസ്മമയമായി തോന്നിയ ഒരു ചെറിയ കാര്യം കുറിക്കട്ടെ. ഈ വിസ്മയം ഒരു അവിശ്വാസിക്കല്ല മറിച്ച് വിശ്വാസിക്കു സ്വന്തം.

ആ ചെറിയ കാഴ്ചയിൽ ഒരു വലിയ സന്ദേശം ഉണ്ടായിരുന്നു. അതെന്താണെന്നല്ലേ? പാലാരിവട്ടത്തു നിന്നു കാക്കനാട്ടേയ്ക്കുള്ള യാത്ര. ഓഫീസ് ടൈം ആയതിനാൽ റോഡിൽ നിറയെ വാഹനങ്ങൾ. അതിനിടയിൽ ആനയ്ക്കു മദമിളകിയതുപോലെ ചിന്നം വിളിച്ചുകൊണ്ട് ഒരു സ്വകാര്യ ബസ് പാഞ്ഞു വരുന്നത് എന്റെ വാഹനത്തിന്റെ കണ്ണാടിയിലൂടെ കണ്ടു. കൊച്ചി നിവാസികളുടെ പേടിസ്വപ്നമാണല്ലോ സ്വകാര്യ ബസുകളുടെ മരണപാച്ചിൽ. ജീവനിൽ അല്പം കൊതിയുള്ളതുകൊണ്ട് എന്റെ വാഹനം സൈഡിലേക്കു മാറ്റിക്കൊടുത്തു. അതുപോലെത്തന്നെ മറ്റുള്ളവരും. പാച്ചിലിനിടയിൽ മിന്നായം പോലെ ബസിന്റെ ബോർഡ് ശ്രദ്ധയിൽപ്പെട്ടു. 'പാതാളം' എന്നായിരുന്നു അത്. 'യെ' പാതാളത്തിലേക്കൊരു ബസ്സോ? എന്റെ വാഹനത്തിന്റെ മുന്നിലേക്കു ഓടിക്കയറിയ ബസ്സിന്റെ മുമ്പിൽ മാർഗ്ഗതടസ്സം നേരിട്ടതിനാൽ കുറച്ചുനേരം അവിടെ നിർത്തിയിടേണ്ടതായി വന്നു. അപ്പോഴാണ് ആ കൗതുക കാഴ്ച ഞാൻ കണ്ടത്. ബസ്സിന്റെ പേര് 'ഹെവൻ'. അതുകൊള്ളാമല്ലോ? ബസ്സിന്റെ പേര് ഹെവൻ, പോകുന്നത് പാതാളത്തിലേക്ക്. ഹാ! എന്തൊരു കൊമ്പിനേഷൻ. ബിരിയാണിയും ഉണക്ക മത്തി വറുത്തതും പോലെ.

അനുവാചകരെ, ഇതിൽ അത്ഭുതമൊന്നും അവകാശപ്പെടുന്നില്ല. എങ്കിലും സ്വർഗ്ഗം വാഗ്ദാനം ചെയ്തു പാതാളത്തിലേക്ക് (നരകത്തിലേക്ക്) മാനവരാശിയെ കൊണ്ടുപോകുന്ന പിശാചിന്റെ തന്ത്രത്തിന്റെ ഒരു ചിത്രം ഇവിടെ ദൃശ്യമാണ്. ആയിരങ്ങൾ പതിനായിരങ്ങൾ ചതിക്കുഴി അറിയാതെ ഉല്ലാസയാത്ര നടത്തുകയാണ്. പരീശപക്ഷികളെ നോക്കി യേശു ഇങ്ങനെ പറഞ്ഞു 'കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരും ആയുള്ളോരെ, നിങ്ങൾക്കു ഹാ കഷ്ടം. നിങ്ങൾ മനുഷ്യർക്കു സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ കടക്കുന്നില്ല; കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല. നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർപ്പാൻ കടലും കരയും ചുറ്റി നടക്കുന്നു. ചേർന്നശേഷമോ നിങ്ങൾ അവരെ ഇരട്ടി നരകയോഗ്യർ ആക്കുന്നു' (മത്താ.23: 13-15).

പ്രിയ സ്നേഹിതരെ, നിങ്ങൾ ജീവിത യാത്ര ചെയ്യുന്ന വാഹനം എവിടേക്കാണ് എന്ന നിശ്ചയം നിങ്ങൾക്കുണ്ടോ? ഇല്ലായെങ്കിൽ ഇന്നുതന്നെ അത് ഉറപ്പു വരുത്തൂ. സ്വർഗ്ഗത്തിലേക്കുള്ള ഏക വഴി യേശുക്രിസ്തു മാത്രം.

# What makes the New Year Happy?



**Dr. P C Abraham**

If our happiness is dependent on the happenings around us or on our circumstances, we do not have any guarantee that we are going to be happy during the year. There could be challenges, problems, difficulties, sickness, losses and unforeseen incidents that may come up in our lives this year also. These are powerful enough to take away our happiness. Therefore, in order to be happy in life, we need a navigation system that works above these possible factors which can cause turbulence in life. The flight path of large airplanes are set at a height high enough to miss the atmospheric cloud formations and other disturbances. We need to rise above the mundane aberrations due to various distressing circumstances and/ or by skirmishes in life caused by those around us in order to maintain a steady and tranquil progress in our Christian life.

Don't we all desire a healthy life in 2019? In order to maintain a healthy life, we need to practice at least three unavoidable E's in life: Expel, Embrace and Exercise. First, Expel the toxins that gets into our body. The longer they remain in the body, the more damage they cause. Although most of the toxins are expelled by the body's built-in systems, there are other toxins that refuse to obey the body's command and hence require specific external efforts and actions to expel them. Second, Embrace the nutrients from the food that we eat. In order to grow healthy and develop strength to the muscles for actions, nutrients need be absorbed by the body. Third, aerobic Exercises give toning to the muscles, oxygen to the cells of the muscles of the body and prevent the formation of cancerous cells in the body.

Well, how about our spiritual health? Do we want to be spiritually healthy this year? I believe this is more important than he physical health as it affects our eternity as against our physical temporal life span of a few years. The same analogy can be applied in the spiritual realm as well. It is possible that spiritual toxins like anger, vengeance, arrogance, refusing to forgive, seeking retribution, covetousness, greed, selfishness etc. may accumulate within. They may seriously affect mental hygiene, spiritual wellbeing and even physical health, because man is psychosomatic unity. Therefore, let us leave the vengeance to the Lord as he knows best how to balance the scale. Forgive as the Lord has taught us. Find joy in giving by emulating Christ rather than persevering to preserve and accumulate for selfish ends.

"Nelson Mandela of South Africa spent his first 18 of the 27 years in jail at the brutal Robben Island Prison, a former leper colony off the coast of Cape Town, where he was confined to a small cell without a bed or plumbing and compelled to do hard labor in a lime quarry. As a black political prisoner, he received scantier rations and fewer privileges than other inmates. Mandela was routinely subjected to inhumane punishments for the slightest of offenses".

Later, when he was released and at the age of 75, when he became the first black President of South Africa he declared forgiveness to his former tormentors. He resisted the pressure from other political groups who demanded violent payback on to the whites. He was following the example of forgiveness taught by Jesus Christ. He said that forgiveness offered by the injured will free himself from the emotional prison of vengeance to the perpetrator. Do you want to be free, forgive? If not practiced yet, why not try in 2019?

Spiritual nutrients come from feeding on the pure milk of the Word of God and also by getting connected to the Lord in prayer and worship. Regular meditation and study of God's Word and applying its principles and insights thus received in everyday life will ensure a healthy soul. Spiritual starvation will make the believer anemic and prone to all sorts of malfunctions and sinful substitutes. Remember the wretched life of the prodigal son of the wealthy father in the far away country, desiring even to steal the pig's food to satisfy his hunger. Shall we decide to have a regular quite time alone with the Lord and delve into a meditation gear and search pearls of wisdom embedded in the scripture meant only for serious seekers. You will never regret. Let's try that also in 2019.

Good works and service to the Lord by way of serving the church and the community of believers will help us develop our spiritual muscles and enrich us to a healthy living. Other-centered life of selfless giving is what the Lord taught us.

Committed believers, as a general rule strive to give 10% of their income as tithe, to support the spiritual ministries. The three areas of income we receive from the lord are our finances, our time and our talents. They all are God-given incomes to our life. What about the tithing of our time and our talents? Approximately 17 hours a week is our tithe of time which shall wholly belong to the lord by way of Bible study and quite time spent with the lord etc. How faithful are we in apportioning the tithe of our time? What about the tithing of our God-given talents, abilities and gifts of the Spirit that the Lord has graciously deposited in us to be used for His glory? Once we pool our spiritual abilities and resources to the work of the lord by way of evangelism, edification of the church, enhancing fellowship among believers, encouraging, counselling and comforting others in need etc. we have the ingredients for a healthy church.

True happiness is the spontaneous outflow of a spiritually vibrant life style lived in harmony with God's Word and in intimacy with the Lord and in fellowship with God's people. If we go after catching a butterfly in a garden, it will evade us and we will be wasting our time. But if we sit quietly and become part of the garden, the butterfly will alight on us. Happiness is like a butterfly.



# MEPC 2019

# എം. ഇ. പി. സി. ക്ക് പുതിയ ആത്മീയ നേതൃത്വം



പ്രസിഡന്റ്
**പാസ്റ്റർ മാത്തൻ സാമുവൽ)**
(ഐ.പി.സി ശാലേം)



വൈസ് പ്രസിഡന്റ്
**പാസ്റ്റർ ജെയ്സൺ കുഴിവിള**
(ഐ.പി.സി. ബഹറിൻ)



സെക്രട്ടറി
**ബ്രദർ യോഹന്നാൻ പാപ്പച്ചൻ**
(അസംബ്ളീസ് ഓഫ് ഗോഡ് ചർച്ച്)



അസിസ്റ്റന്റ് സെക്രട്ടറി
**ബ്രദർ മാനുവൽ തിമോത്തി**
(ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്)



ട്രഷറർ
**ബ്രദർ വിനോദ് ഐപ്പ്**
(ഐ.പി.സി ഹെബ്രോൺ)



അസിസ്റ്റന്റ് ട്രഷറർ
**ബ്രദർ അനിൽ എബ്രഹാം**
(ഇമ്മാനുവേൽ ഐ.പി.സി)



ക്വയർ ലീഡർ
**ബ്രദർ പ്രസാദ് ജോയി**
(ഐ.പി.സി ബഹറിൻ)



കമ്മറ്റി മെംബർ
**ബ്രദർ ബോബി മാത്യു**
(ഐ.പി.സി. ശാലേം)



കമ്മറ്റി മെംബർ
**ബ്രദർ സജികുമാർ**
(CGFG പ്രയർ ഫെല്ലോഷിപ്പ്)



കമ്മറ്റി മെംബർ
**ബ്രദർ ഫിലിപ്പ് ജേക്കബ്**
(ഐ.പി.സി ശാലേം)



പെർമനന്റ് മെംബർ
**പാസ്റ്റർ തോമസ് കുര്യൻ**
(അസംബ്ളീസ് ഓഫ് ഗോഡ് ചർച്ച്)



പെർമനന്റ് മെംബർ
**പാസ്റ്റർ പി.സി. വർഗീസ്**
(ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്)



പെർമനന്റ് മെംബർ
**പാസ്റ്റർ കെ.എം. ജോർജ്)**
(ഐ.പി.സി ഹെബ്രോൺ)



പെർമനന്റ് മെംബർ
**പാസ്റ്റർ തോമസ് ചാക്കോ)**
(ഇമ്മാനുവേൽ ഐ.പി.സി)



പെർമനന്റ് മെംബർ
**പാസ്റ്റർ ലിജോ മാത്യു**
(CGFG പ്രയർ ഫെല്ലോഷിപ്പ്)



ഓഡിറ്റർ
**ബ്രദർ ബിജു കെ. ജോസഫ്**
(ഐ.പി.സി ഹെബ്രോൺ)






**ജീമോൻ പഴയിടം**
**മൂന്നാർ**

വേഷത്തിൽ മുഷിഞ്ഞതും പ്രാകൃത രൂപവുമുള്ള ഒരു വൃദ്ധൻ ട്രെയിനിൽ എസി കമ്പാർട്ടുമെന്റിൽ യാത്ര ചെയ്യുകയായിരുന്നു. ടിക്കറ്റ് പരിശോധകൻ അയാളുടെ അടുത്ത് വന്ന് ടിക്കറ്റ് ആവശ്യപ്പെട്ടു. വൃദ്ധൻ ബാഗിനുള്ളിൽ ടിക്കറ്റ് തിരയാൻ തുടങ്ങി. ബാഗിന്റെ ഓരോ കള്ളികളും പരിശോധിച്ച് വൃദ്ധൻ പറഞ്ഞു 'അതിവിടെ എവിടെയോ കാണണം'.

വൃദ്ധന്റെ രൂപവും തിരച്ചിലിന്റെ ഭാവവും ശ്രദ്ധിച്ച ടിടിആർ അതൃപ്തിയോടെ പറഞ്ഞു 'ഞാൻ തിരിച്ചു വരുമ്പോൾ ടിക്കറ്റ് കാണിക്കണം'. വൃദ്ധൻ ടിക്കറ്റ് ഇല്ലാതെയാണ് യാത്ര ചെയ്യുന്നതെന്ന് പരിശോധകൻ ഊഹിച്ചു. എന്നാൽ കുറച്ചു കഴിഞ്ഞ് തിരിച്ചു വന്ന പരിശോധകന് വൃദ്ധൻ തന്റെ എസി ക്ലാസ് ടിക്കറ്റ് കാണിച്ചു. പരിശോധകന് കുറ്റബോധം തോന്നി അയാൾ ഉള്ളിൽ പറഞ്ഞു 'ഒറ്റ നോട്ടത്തിൽ ഞാനയാളെ വിലയിരുത്താൻ പാടില്ലായിരുന്നു'.

തീവണ്ടി സ്റ്റേഷനിൽ എത്തിയപ്പോൾ അയാളെ പുറത്തിറങ്ങുവാൻ പരിശോധകൻ സഹായിച്ചു. തന്റെ ലഗേജ് എടുക്കുവാൻ ഒരു ചുമട്ടുകാരനെ വൃദ്ധൻ വിളിച്ചു. ചുമട്ടുകാരൻ ലഗേജ് എടുത്തെങ്കിലും പെട്ടെന്ന് അത് താഴെ വച്ച് അടുത്ത കമ്പാർട്ടുമെന്റിൽ വന്നിറങ്ങിയ ഭംഗിയായി വസ്ത്രം ധരിച്ച ഒരു സ്ത്രീയുടെ ലഗേജ് എടുത്ത് അവരോടൊപ്പം അയാൾ നടന്നു നീങ്ങി.

ഇത് കണ്ട പരിശോധകൻ വൃദ്ധന്റെ ലഗേജ് എടുത്തു എന്നിട്ട് ഒരു ടാക്സി വിളിക്കാൻ അയാളെ സഹായിച്ചു. പരിശോധകനോട് നന്ദി പറഞ്ഞ വൃദ്ധൻ ഒരു നൂറ് രൂപാ നോട്ട് അയാളെ ഏല്പിച്ചതിനുശേഷം പറഞ്ഞു 'ദയവായി ഇത് ചുമട്ടുകാരന് കൊടുക്കണം മേലിൽ ആരേയും വേഷം നോക്കി വിലയിരുത്തരുതെന്ന് പറയണം'.

പരിശോധകൻ ചുമട്ടുകാരനെ കണ്ടപ്പോൾ അയാളോട് പറഞ്ഞു 'താങ്കൾ ചെയ്തത് ശരിയായില്ല, ഈ പണം അയാൾ നിങ്ങൾക്ക് തന്നതാണ്. വേഷം നോക്കി ആരേയും വിലയിരുത്തരുതെന്ന് നിങ്ങളോട് പറയാനും പറഞ്ഞു'. ചുമട്ടുകാരൻ പറഞ്ഞു 'ക്ഷമിക്കണം സർ, തിരക്കിനിടയിൽ പറയാൻ വിട്ടു; അവർ അന്ധയായ ഒരു സ്ത്രീയാണ്. സ്ഥിരമായി അവരുടെ ലഗേജുകൾ ഞാനാണെടുക്കാറ്. ഞാനതിന് കൂലി ഒന്നും വാങ്ങാറില്ല. താങ്ങൾ ആ വൃദ്ധനെ കാണുമ്പോൾ പറയണം ആരേയും ഒറ്റ നോട്ടത്തിൽ വിലയിരുത്തരുതെന്ന്'.

ഈ കഥ രണ്ടു രീതിയിലുള്ള വീക്ഷണമാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. പലപ്പോഴും നാം യഥാർത്ഥ ശരിയെന്നാണ് നമ്മുടെ ധാരണ. യാദൃശ്ചികമായോ അല്ലാതെയോ പലപ്പോഴും അങ്ങനെ ആയിത്തീരുന്നു. ആ അഹങ്കാരചിന്തയാൽ നാം പലപ്പോഴും മറ്റുള്ളവരിലെ കുറ്റം കണ്ടെത്താൻ ശ്രമിക്കുന്നു. നമ്മേക്കാളും വലിയ ശരി അവർ ആണെന്ന് തിരിച്ചറിയുന്നതിൽ നാം പലപ്പോഴും പരാജയപ്പെടുന്നു. എന്തിനേയും മനസിരുത്തി ചിന്തിക്കുക. നാം പഠിക്കുന്ന വേദഭാഗങ്ങളെ ജീവിതത്തിൽ പകർത്തുക. ദൈവഭക്തി, ആരോഗ്യം, സന്തോഷം മറ്റുള്ളവരെ ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത ഇവയിൽ ശ്രദ്ധ ചെലുത്തുക. വിശുദ്ധ വേദപുസ്തകത്തിൽ ശലോമോൻ രാജാവ് ഇപ്രകാരം പ്രബോധിപ്പിക്കുന്നു 'ബുദ്ധിഹീനരുടെ പിന്മാറ്റം അവരെ കൊല്ലും; ഭോഷന്മാരുടെ നിശ്ചിന്ത അവരെ നശിപ്പിക്കും'.




# ഇടിവിൽ നിന്ന വിശ്വസ്ത ശുശ്രൂഷകൻ – എപ്പഫ്രാസ്

‘ഇങ്ങനെ നിങ്ങൾ ഞങ്ങളുടെ പ്രിയ സഹഭൃത്യനായ എപ്പഫ്രാസിനോടു പഠിച്ചിട്ടുണ്ടല്ലോ, അവൻ നിങ്ങൾക്കു വേണ്ടി ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും നിങ്ങൾക്കു ആത്മാവിനാലുള്ള സ്നേഹം ഞങ്ങളോടു അറിയിച്ചവനും ആകുന്നു’ (കൊലോ. 1: 7,8)

കൊലോസ്യ ലേഖനം 4–ാം അദ്ധ്യായം എപ്പഫ്രാസിനെക്കുറിച്ച് ചില ആഴത്തിലുള്ള ആത്മീയ സത്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. 12–ാം വാക്യത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു നിങ്ങളിൽ ഒരുത്തനായ ക്രിസ്തുവിന്റെ ദാസനായ എപ്പഫ്രാസ് വന്ദനം ചെയ്യുന്നു. സഭയിലുള്ള തന്റെ ഹൃദയപൂർവ്വവും ഊഷ്മളവുമായ ബന്ധവും കൂട്ടുവിശ്വാസികളോടുള്ള സ്നേഹവും പ്രതിബദ്ധതയും നേതൃത്വവും സാനിധ്യവും ഒക്കെ നമുക്ക് അതിൽ നിന്നും വായിച്ചെടുക്കാൻ സാധിക്കും.

സ്വർത്ഥ മനോഭാവങ്ങളേക്കാളുപരിത്യാഗത്തിന്റേയും എളിമയുടേയും ലഘുസാനിധ്യമായി മാത്രം അറിയപ്പെടുവാൻ പരിശുദ്ധാത്മാവിനാൽ നിയോഗം ലഭിച്ച കർത്താവിന്റെ ദാസനായിരുന്നു എപ്പഫ്രാസ്. 12–ാം വാക്യം ഏറ്റവും ശക്തമായ തന്റെ സ്വഭാവവൈശിഷ്ട്യത്തെ ചൂണ്ടികാണിക്കുന്നു. നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ച് പൂർണ്ണനിശ്ചയവും ഉള്ളവരായി നിൽക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ നിങ്ങൾക്കുവേണ്ടി എപ്പോഴും പോരാടുന്നു (കൊലോ.4: 12). ശുശ്രൂഷയിലുള്ള വിശ്വസ്തതയിലും തീഷ്ണതയിലും മാത്രമല്ല മുഴങ്കാൽ മടക്കിയുള്ള ജാഗ്രതയോടുകൂടിയ പ്രാർത്ഥനയിലും താൻ വിശ്വസ്തനായിരുന്നു. താൻ സ്നേഹിക്കുന്ന തന്റെ സഭയിലെ വിശ്വാസികൾക്കുവേണ്ടി അവരുടെ ആത്മീയ വളർച്ചയ്ക്കുവേണ്ടി അവർ ദൈവഹിതം പൂർണ്ണ നിശ്ചയത്തോടെ ഗ്രഹിക്കുന്നതിനുവേണ്ടി ദൈവഹിതപ്രകാരം അവരുടെ ജീവിതം മാതൃകാപരമായി നയിക്കേണ്ടതിനു വേണ്ടി എപ്പോഴും പ്രാർത്ഥനയിൽ താൻ പോരാടിക്കൊണ്ടേയിരുന്നു. ക്രിസ്തുവിന്റെ രക്തത്തിന്റെ വിലയായ ദൈവസഭ ദുഷ്ടന്റെ മായികാതന്ത്രത്തിൽ വീണുപോകാതെ സൂക്ഷിക്കേണ്ട പ്രാർത്ഥനാപൂർവ്വമായ ദൗത്യം താൻ ഏറ്റെടുത്തതായി നാം കാണുന്നു. ഒരു പ്രാർത്ഥനാ വീരനായി തന്റെ സഭയിലെ സഹവിശ്വാസികൾക്കുവേണ്ടി രാവും പകലും പോരാടുവാനായി ദൈവകൃപയെ ഉപയോഗിച്ച ഈ ദൈവദാസൻ സകല സഭയിലുമുള്ള ദൈവദാസന്മാർക്കും വിശ്വാസികൾക്കും ശ്രേഷ്ഠവും ഉത്തമവുമായ മാതൃകയായി നിലനിൽക്കുന്നു. പ്രവർത്തിക്കുവാനും പ്രസംഗിക്കുവാനും മുമ്പന്തിയിൽ നിന്ന് നയിക്കുവാനൊക്കേയും മിക്കവാറും എല്ലാവർക്കും കഴിയും എന്നാൽ ഒട്ടകമുട്ടുകൾ പ്രാപിച്ച യാക്കോബ് അപ്പൊസ്തലനെപ്പോലെ, എപ്പഫ്രാസിനെപ്പോലെ രാത്രിയുടെ യാമങ്ങളിൽ ഓലോല കണ്ണുനീർ ഒഴുക്കി സഹവിശ്വാസികൾക്കും സഭകൾക്കുംവേണ്ടി ഇടുവിൽ നിൽക്കുവാൻ വളരെ കുറച്ചു പേർക്കു മാത്രമെ സാദ്ധ്യമാവുകയുള്ളൂ.

അപ്രകാരമുള്ള ഒരു ജീവിതം നയിക്കുവാൻ കഴിഞ്ഞ ക്രിസ്തുവിൽ പ്രസിദ്ധനായ ശ്രേഷ്ഠവ്യക്തിത്വമായിരുന്നു എപ്പഫ്രാസിന്റേത്. പൗലോസ് അപ്പൊസ്തലൻ അതിന് സാക്ഷ്യം നിൽക്കുന്നതിനാൽ മറ്റാരുടേയും സാക്ഷ്യം ഈ കാര്യത്തിൽ ആവശ്യമില്ല. നമ്മുടെ ആത്മീയ ജീവിതത്തിൽ നാം അനുവർത്തിക്കേണ്ട ചില സത്യങ്ങൾ എപ്പഫ്രാസിന്റെ ജീവിതത്തിലൂടെ പഠിക്കുവാൻ സാധിക്കും. പൗലോസ് അപ്പോസ്തലനോടൊപ്പം വീട്ടുതടങ്കലിൽ ആയിരുന്നപ്പോൾ നൂറുകണക്കിന് മൈലുകൾ ദൂരെയായിട്ടും താൻ സ്നേഹിക്കുന്ന തന്റെ സഭയേയും വിശ്വാസികളേയും ഓർത്ത് മുഴങ്കാലിൽ ഇരുന്ന് പ്രാർത്ഥിക്കുന്ന എപ്പഫ്രാസിന്റെ ചിത്രം പൗലോസ് അപ്പൊസ്തലൻ കൊലോസ്യ ലേഖനത്തിലൂടെ നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നുണ്ട്. ക്രിസ്തുവിൽ പ്രശംസനീയമായ ആ ജീവിതത്തെക്കുറിച്ച് എഴുതുവാൻ ഇനിയും അധികമുണ്ട്. എപ്പഫ്രാസിന്റെ ജീവിതം കൊണ്ട് നമുക്ക് ചിന്തിക്കുവാനുള്ളത് എന്തൊക്കെയാണ്. സഭയിൽ വിനയത്തിന്റേയും സ്നേഹത്തിന്റേയും സജീവസാനിധ്യമാകുക. അനുഭവിച്ചറിഞ്ഞ ദൈവകൃപ മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കുവാനുള്ള ആഴമായ ദാഹം നാം കരസ്ഥമാക്കുവാൻ നാം പരിശ്രമിക്കുക. ക്രിസ്തുവിനുവേണ്ടി നിന്ദയും പരിഹാസവും ബന്ധനവും സഹിക്കുവാൻ സാഹചര്യം വന്നാൽ അത് സന്തോഷത്തോടെ ഏറ്റെടുക്കുക. സഭയിലും മറ്റെവിടേയും നാം സ്നേഹിക്കുന്ന വിശ്വാസികൾക്കുവേണ്ടി എപ്പോഴും നിലകൊള്ളുവാൻ തയ്യാറാകുക. സ്വയമായിട്ടും അതോടൊപ്പം അവരും ദൈവഹിതം പൂർണ്ണനിശ്ചയത്തോടെ മനസിലാക്കുന്നതിനുവേണ്ടി തീവ്രമായി പ്രാർത്ഥനയിൽ ജാഗരിക്കുക. ലഭിക്കുന്ന സമയം നഷ്ടപ്പെടുത്താതെ കണ്ണുനീരോടുകൂടി പ്രാർത്ഥിക്കുവാനുള്ള ഒരു ദൈനംദിന സ്വഭാവം പ്രാപ്തമാക്കുക. മുഴങ്കാലുകൾ മടക്കി നാം പ്രാർത്ഥിക്കുന്നത് നമ്മുടെ കുടുംബത്തിലും സഭയിലും ഒരു മാതൃകയാവട്ടെ. സഹബദ്ധനായും ഭൃത്യനായും വിശ്വസ്തശുശ്രൂഷകനായും മാതൃകാ കൂട്ടുവിശ്വാസിയായും ക്രിസ്തുവിന്റെ സ്ഥാനപതിയായും ലവൊദിക്യയിലും ഹിയരപ്പൊലിക്കയിലും കൊലോസ്യയിലും സേവനം നടത്തുകയും ജാഗ്രതയുള്ള പ്രാർത്ഥനാ വീരനായും പൗലോസിന്റെ ആത്മമിത്രവും സ്നേഹഭാജനവുമായി എപ്പഫ്രാസിന് മാറുവാൻ കഴിഞ്ഞു എങ്കിൽ അത് താൻ പ്രാപിച്ച ദൈവകൃപയല്ലാതെ മറ്റൊന്നായിരുന്നില്ല. എപ്പഫ്രാസിൽ കൊലോസ്യ, ലവോദിക്യ, ഹിയരപ്പൊലിക്ക സഭയിലെ വിശ്വാസികളുടെ ആത്മീയ വളർച്ചയേയും ക്രിസ്തുവിലുള്ള വിശ്വാസത്തേയും കുറിച്ച് അതിശക്തമായ ഉത്കണ്ഠയും താല്പര്യവും വ്യാപരിച്ചുകൊണ്ടേയിരുന്നു. അതിൽ നിന്നുള്ളവയായ തീവ്രമായ ആത്മബന്ധമായിരുന്നു തന്റെ പ്രാർത്ഥനയുടെ അടിസ്ഥാനം. എപ്പഫ്രാസിന്റെ ശുശ്രൂഷയിലും സേവനത്തിലുമുള്ള ബദ്ധശ്രദ്ധയേയും നിഷ്ടയേയും കുറിച്ച് പൗലോസ് അപ്പൊസ്തലൻ 4–ാം അദ്ധ്യായത്തിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. തന്റെ സ്ഥിരതയോടുകൂടിയ നിരന്തര പ്രാർത്ഥനയും ഉത്സാഹവും സഭയിലുള്ള സഹോദരങ്ങളോട് ചേർന്നു നിന്നുകൊണ്ട് അവരുടെ ആത്മീയ ആരോഗ്യത്തിന് ആവശ്യമായ വചനത്തിന്റെ മർമ്മങ്ങൾ നിരന്തരം നൽകുവാൻ താൻ സൂക്ഷമമായി പരിശ്രമിച്ചിരുന്നു. ഡിയൽ മൂഡിയുടെ അറ്റ്ലാന്റിക് സമുദ്രത്തിലൂടെയുള്ള യാത്രക്കിടയിൽ കപ്പലിന്റെ ഒരറ്റത്ത് തീ പടർന്നു പിടിക്കുവാനിടയായി. അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ തന്നോട് ഇപ്രകാരം പറഞ്ഞു മിസ്റ്റർ മൂഡിവരു നമുക്ക് കപ്പലിന്റെ മറ്റേ അറ്റത്തു പോയി അവിടെ നിന്നു പ്രാർത്ഥിക്കാം. കർത്തൃശുശ്രൂഷയിൽ ശ്രേഷ്ടനായ ആ ദൈവദാസൻ മറുപടി പറഞ്ഞത് രേഖപ്പെടുത്തിയിരിക്കുന്നത് സഹോദരാ, അങ്ങനെയല്ല നാം ഇവിടെ നിന്നുകൊണ്ട് ആ പടരുന്ന തീയിലേക്ക് വെള്ളം ഒഴിച്ചുകൊടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും.

നശിച്ചു പോകുന്നവരെ വിട്ട് ഓടിപ്പോയി സുരക്ഷിത സ്ഥാനങ്ങളിലിരുന്ന് പ്രാർത്ഥിക്കുന്നവരെപ്പോലെയല്ല, അവരോടൊപ്പം അവരിലൊരാളായി നിന്നുകൊണ്ട് അവരുടെ രക്ഷക്കുവേണ്ടി പ്രാർത്ഥനയിൽ



ഡോ. ജോർജ് മാത്യു

പോരാടിയ പ്രാർത്ഥനാ വീരനായിരുന്നു എപ്പഫ്രാസ്. ശബ്ദവിസ്ഫോടനങ്ങളിലൂടേയും അസ്ഥാനത്തുള്ള പ്രാസപ്രയോഗങ്ങളിലൂടേയും ജാള്യത തോന്നുന്ന കോമഡികളിലൂടേയും വചനശുശ്രൂഷയെ വികലമാക്കുന്ന അഭിനവ പൗലോസുമാർ വിരാജിക്കുന്ന ഈ ശുശ്രൂഷാമണ്ഡലത്തിൽ പ്രാർത്ഥനയിലൂടെ സ്വർഗ്ഗത്തെ ഭൂമിയിലേക്ക് ഇറക്കുന്ന എപ്പഫ്രാസുമാർ ആത്മീയ ഗോളത്തിൽ വളർന്നുവരുമാറാകട്ടെ. പ്രാർത്ഥനയുടെ പരിപാവനമായ അനുഭവത്തിലൂടെ വചനത്തിന്റെ മർമ്മങ്ങൾ പരിശുദ്ധാത്മാവിൽ സ്ഫുടം ചെയ്യപ്പെട്ട് അത് ആത്മീയ ശുദ്ധീകരണവും പ്രാർത്ഥനയിൽ പോരാടുവാനുള്ള ഊർജ്ജവും മറ്റുള്ളവരിൽ ഉളവാകുമാറാകാട്ടെ.

പ്രിയരേ, മൂന്നു വാക്യങ്ങളിലൂടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് എപ്പഫ്രാസിനെ ഇപ്രകാരം വിശേഷിപ്പിച്ചു എങ്കിൽ നമ്മുടെ ആത്മീയ ജീവിത യാത്രയെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പിൽക്കാലത്ത് എപ്രകാരം വിശകലനം ചെയ്യുമെന്ന് ഹൃദയപൂർവ്വമായി ധ്യാനിക്കാം.

## 5 സമാന്തര പരിഭാഷകളുമായി സൗജന്യ മലയാളം ബൈബിൾ ആപ്പ്

സമാന്തര മലയാളം പരിഭാഷകളും, കൂടാതെ ഇംഗ്ലീഷ്, ഹിന്ദി സമാന്തര പരിഭാഷകളും, ഓഡിയോ ബൈബിളും ഉൾപെടുത്തി മലയാളം ബൈബിൾ ആപ്പ് അപ്ഡേറ്റ് ഇപ്പോൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്. 1910 സത്യവേദപുസ്തകം (ബെഞ്ചമിൻ ബൈയലി പരിഭാഷ), ഈസിടു റീഡ് വെർഷൻ (2000 ബൈബിൾ ലീഗ് ഇന്റർനാഷണൽ), ഇന്ത്യൻ റിവൈസ്ഡ് വെർഷൻ (2017 ഫ്രീ ബൈബിൾസ് ഇന്ത്യ) എന്നീ പരിഭാഷകൾ ആണ് ഈ ആപ്പിൽ ലഭ്യമായിരിക്കുന്നത്.

നിലവിൽ ഒരു ലക്ഷത്തിൽ പരം ഉപയോക്താക്കൾ ഈ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോർ, ആപ്പിൾ ആപ്പ് സ്റ്റോർ എന്നിവയിൽ നിന്നും ഡൌൺലോഡ് ചെയ്തു ഉപയോഗിക്കുന്നു. ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് നിങ്ങൾക്ക് മലയാളം ബൈബിൾ നിങ്ങളുടെ സ്മാർട്ട് ഫോണുകളിൽ ഓഫ്‌ലൈൻ ആയി വായിക്കാം. വായിക്കുന്ന ഭാഗം അതെ സമയം തന്നെ ശ്രവിക്കുവാൻ കൂടി സഹായിക്കുന്ന ഓഡിയോ ബൈബിൾ ഇന്റഗ്രേഷൻ ഈ ആപ്പിന്റെ സവിശേഷതയാണ്. മലയാളത്തിൽ ഇന്ന് ലഭ്യമായിരിക്കുന്ന വിവിധ ക്രൈസ്തവ റിസോഴ്സുകൾ ഒരു കുടക്കീഴിൽ സൌജന്യമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം ആരംഭിച്ച **www.GodsOwnLanguage.com** എന്ന വെബ്‌സൈറ്റിന്റെ പിന്നണി പ്രവർത്തകരുടെ ശ്രമഫലമായാണ് മലയാളം ബൈബിൾ സൗജന്യ ഓൺലൈൻ ആപ്ലിക്കേഷന് രൂപത്തിൽ പുറത്തിറങ്ങിയത്. ഈ ബൈബിൾ ഓൺലൈനിൽ വായിക്കുവാനും, നിങ്ങളുടെ വെബ്‌സൈറ്റ് / ബ്ലോഗ്ഗില് സൗജന്യമായി ആഡ് ചെയ്യുവാനും സന്ദർശിക്കുക: **http://www.godsownlanguage.com/mal/Bible**



# ടെലിഫോൺ മണി



ചെറുകഥ

സ്റ്റാൻലി അടൂർ

'മറിയാമ്മേ...എടി മറിയാമ്മോ...ഒന്നിങ്ങോട്ട് വന്നേടി...'

'എന്താ മനുഷ്യാ...' എന്നു വിളിച്ചോണ്ട് ചക്ക ഇളക്കിയ തുടുപ്പു *മായി (*കുഴക്കാൻ ഉപയോഗിക്കുന്ന തടി) സിറ്റൗട്ടിലിരിക്കുന്ന മത്തായിച്ചന്റെ അരികിലേക്ക് മറിയാമ്മ പാഞ്ഞെത്തി...

'എടീ...അപ്പുറത്ത് നിന്റെ മൂത്തമരുകൾ ശോശാമ്മ കിടന്നു കാറുന്നു...എന്തോ കാര്യമായി സംഭവിച്ചിട്ടുണ്ട്'

'നിങ്ങൾ അങ്ങോട്ടൊന്നും പോകണ്ട...എന്നതാടി എന്നു ചോദിച്ചാൽ, നിങ്ങൾ നിങ്ങളുടെ കാര്യം നോക്ക് എന്നു പറയുന്ന സൈസ് ആണ്'

'എന്നാലും എങ്ങനാടി?? എന്നത്തെപ്പോലെയല്ല ഇത്...വല്ലാതെ കരയുന്നുണ്ട്. എന്തോ അത്യാപത്ത് സംഭവിച്ച മട്ടുണ്ട്'

മത്തായിയുടെ മനസ്സലിവ് മറിയാമ്മയുടെ നാവിലേക്ക് വന്നില്ല...അവർ പറഞ്ഞു 'നിങ്ങൾ പഴയതൊന്നും മറന്നില്ലല്ലോ; അല്ലേ...'

ഒന്നു നിർത്തിയിട്ട് 'എന്തിന് പറയുന്നു; രണ്ടുമാസം മുന്നേ ആ കൊച്ചു ചെറുക്കൻ വണ്ടിയിടിച്ചു ഹോസ്പിറ്റലിൽ നിന്നും വന്നപ്പോൾ ഇതുപോലെ ഇറങ്ങി ചെന്നിട്ട്, അവൾ നമ്മൾ ഏതോ ചെയ്ത പോലെയാണ് പെരുമാറിയത്...മറന്നോ??'

വീണ്ടും ശോശാമ്മയുടെ കരച്ചിൽ ഉച്ചത്തിൽ ആയപ്പോൾ മത്തായിച്ചനും മറിയാമ്മയും അവിടേക്ക് ചെന്നു 'എന്നാ പറ്റിയെടി? എന്താ ഉണ്ടായത്??'

'എന്റപ്പച്ചാ അച്ചായൻ...അച്ചായൻ...' ശോശമ്മയ്ക്ക് വാചകം ആക്കാൻ വന്ന വാക്കുകൾ തൊണ്ടയിൽ ഉടക്കി വാചകം മുറിഞ്ഞു...

മത്തായിച്ചൻ മറ്റൊന്നും ആലോചിക്കാതെ വേലക്കാരി ചിന്നക്കൊച്ചിനെ വിളിച്ചു ചോദിച്ചു; 'എന്നതാടി കൊച്ചേ പറ്റിയത്?'

'എന്റെ അച്ചായാ, രാവിലെ മുതൽ സണ്ണികുഞ്ഞിനെ വിളിച്ചിട്ട് കിട്ടുന്നില്ല, ശോശാകൊച്ചിനോടുള്ള വല്ല പിണക്കത്തിന്റെ പേരിൽ ഫോൺ എടുക്കാത്തതാണെങ്കിൽ സഹിക്കാം...ബാംഗ്ലൂരിൽ നിന്നും സോണിമോനും ഹൈദരബാദിൽ നിന്നും സാനിയായും വിളിച്ചിട്ട് എടുക്കുന്നില്ല...ഡെയിലി പിള്ളേരുടെ സൗണ്ട് കേൾക്കാൻ വേണ്ടി മാത്രം കുറഞ്ഞത് പത്തു തവണയെങ്കിലും വിളിക്കുന്നതല്ലേ...'

'എടി ശോശാമ്മേ, നിന്റെ ആങ്ങളമാർ ബാബുകുട്ടിയും ബേബികുട്ടിയും അവിടല്ലേ...അവരോട് ഒന്ന് പറഞ്ഞുകൂടായിരുന്നോ??'

'അപ്പച്ചാ അവര് വിളിച്ചിട്ടും ഫോൺ എടുക്കുന്നില്ല...അച്ചായൻ ഇങ്ങു ദമാമിൽ അല്ലേ...അവരാണേൽ റിയാദിലും. വൈകുമ്പോഴത്തേക്ക് അവർ എത്തി വിവരം അറിയിക്കാം എന്നു പറഞ്ഞിട്ടുണ്ട്...'ഒന്നു നിർത്തി ശോശാമ്മ തുടർന്നു 'എനിക്ക് സഹിക്കാൻ പറ്റുന്നില്ല അപ്പച്ചാ...ഒറ്റാക്ക് വന്ന മനുഷ്യനാണ്; പോരെങ്കിൽ പ്രഷർ മുതൽ യൂറിക് ആസിഡ് വരെ ഹൈയും...എന്റെ പറക്കമുറ്റാത്ത പിള്ളാർക്ക് ഇനി ആരുണ്ട് ദൈവമേ? വീട് വച്ചതിന്റെ ലോൺ ഇനി എങ്ങനെ അടയ്ക്കും??'

കരച്ചിലിന്റെ ശബ്ദമുയർന്നപ്പോൾ മറിയാമ്മ പെറ്റതള്ളയുടെ വേദന കടിച്ചമർത്തി ശോശാമ്മയോട് പറഞ്ഞു 'എടീ, നീ ഇങ്ങനെ വിഷമിക്കാതെ; നിന്റെ ആങ്ങളമാർ ചെന്നിട്ട് വിവരം പറയട്ടെ...പോരെങ്കിൽ അവന്റെ കമ്പനിയുടെ നമ്പർ ഉണ്ടെങ്കിൽ അവരേയും ഒന്ന് വിളിക്ക്'

'അതല്ലേ അമ്മേ പ്രശ്നമായത്...കമ്പനിയുടെ നമ്പർ എന്റെ കൈയ്യിൽ ഇല്ല...' ഒന്നു നിർത്തിയിട്ട് 'പിള്ളേര് രണ്ടും ആകെ തളർന്നു നിൽക്കുവാ. പത്തുമണിക്കൂറിൽ കൂടുതലായി അച്ചായന്റെ ഒരു വിവരവും ഇല്ല; വാട്ട്സ്ആപ്പ് എടുക്കുന്നില്ല, അതുപോലെ ഫെയ്സ്ബുക്കും നോക്കിയിട്ടില്ല... പിള്ളേര് വിമാനത്തിന് ടിക്കറ്റ് എടുത്തിട്ടുണ്ട്. രാത്രിയിൽ ഇങ്ങെത്തും...' ഇത്രയും ഏങ്ങലടിയോടെ പറഞ്ഞപ്പോൾ; മറിയാമ്മയുടെ കണ്ണിൽ നിന്നും പെറ്റതള്ളയുടെ ഹൃദയം പൊട്ടിയത് നീർചാലുകളായ് ഒഴുകി.

മത്തായിച്ചനും എന്ത് ചെയ്യണമെന്നറിയാതെ നിന്നപ്പോൾ, തന്റെ മനസ്സിന്റെ സംഘർഷം കുറയ്ക്കാൻ വേണ്ടി ദൈവം അയച്ചപ്പോലെ ഇടവകയിലെ അച്ചൻ എത്തി; വിവരങ്ങൾ പറഞ്ഞു...

മണിക്കൂറുകൾ കടന്നുപോയ്ക്കൊണ്ടിരുന്നു...ശോശാമ്മ വീണ്ടും വീണ്ടും ആങ്ങളമാരെ വിളിച്ചുകൊണ്ടിരുന്നു...ഇടവക അച്ചനും ദമാമിലുള്ള പരിചയക്കാരെ കൊണ്ട് സണ്ണിച്ചനെപ്പറ്റി അന്വേഷണം തുടങ്ങി. വന്നുകൂടിയ അയൽപ്പക്കകാരുടെയും ഇടവകക്കാരുടേയും മുഖത്ത് മ്ലാനത സന്ദർഭോചിതമായി തെളിഞ്ഞു വന്നപ്പോൾ ഒരു ശ്മശാനമൂകത നീട്ടിൽ നിറഞ്ഞു. ലാൻഡ് ഫോൺ നീട്ടിയടിച്ചു...മണിക്കൂറുകൾ ആയി വന്നുകൊണ്ടിരുന്ന അനേകം കോളുകൾക്ക് മറുപടി പറഞ്ഞു മടുത്ത ശോശാമ്മ മത്തായിച്ചനോട് പറഞ്ഞു 'അപ്പച്ചാ, ആ കോൾ ഒന്നെടുത്തേ...'

മത്തായിച്ചൻ കോൾ എടുത്തു; മറുതലയ്ക്കൽ സണ്ണിക്കുട്ടി!! ആ പിതാവ് ചോദിച്ചു 'മോനേ നിനക്കെന്നാ പറ്റി? സണ്ണി മറുപടി പറയുന്നതിന് മുമ്പ് ശോശാമ്മ പി.റ്റി. ഉഷയെപ്പോലെ ഓടിവന്നു. മത്തായിച്ചന്റെ കൈയ്യിൽ നിന്നും ഫോൺ തട്ടിപ്പറിച്ചു 'എന്നാ പറ്റി?? നിങ്ങൾ ഫോൺ എടുക്കാഞ്ഞത് എന്താ??' എന്ന് വിഷമവും ദേഷ്യവും കലർന്ന സ്വരത്തിൽ ചോദിച്ചു. അപ്പോൾ സണ്ണിയുടെ മറുപടി 'ഓ...അതു ഞാൻ ഫോൺ റൂമിൽ നിന്നും എടുക്കാൻ മറന്നെടി... രാവിലെ എഴുന്നേൽക്കാൻ താമസിച്ചു; ഡ്യൂട്ടിക്ക് കയറിയപ്പോൾ ആണ് ഫോൺ മറന്നു എന്നു മനസ്സിലായത്. ഡ്യൂട്ടി കഴിഞ്ഞു വന്നു നോക്കുമ്പോൾ 100-ൽ പരം കോളുകൾ!!!'

സണ്ണി പറഞ്ഞു നിർത്തിയപ്പോൾ ശോശാമ്മ പറഞ്ഞു 'മനുഷ്യാ ഈ വീട് നിറയെ ആളുകൾ ആണ്...നിങ്ങളുടെ ഒരു മറവി...ഞങ്ങൾ തീ തിന്നുവായിരുന്നു' എന്നു പറഞ്ഞു ഫോൺ കട്ട് ചെയ്തു. ശോശാമ്മ ഭർത്താവിന്റെ ഫോൺ മറവി കൂടി വന്നവരോട് വിശദീകരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, ആളുകൾ മുറ്റത്തു നിന്നും നീങ്ങിതുടങ്ങി...അവസാനമായി മത്തായിച്ചനും മറിയാമ്മയും. ആ വീട് പഴയതുപോലെ അന്യരായി. കുടുംബത്തു വന്ന ആ വൃദ്ധമനസ്സുകളിൽ അപ്പോൾ ഒരു മഴ പെയ്തിറങ്ങിയതുപോലെ അനുഭവപ്പെട്ടു!!

മറിയാമ്മ അടുക്കളിയിലേക്ക് പോയപ്പോൾ മത്തായിച്ചൻ ഒരു ദീർഘനിശ്വാസത്തോടെ ചാരുകസേരയിലേക്ക് ചരിഞ്ഞു...അൽപ്പസമയത്തിനുള്ളിൽ ആ വൃദ്ധമനസ്സിൽ നിന്നും അനേകം ഓർമ്മകൾ അണപൊട്ടിയൊഴുകി...

മറിയാമ്മയെ കെട്ടി നാലുദിവസം കഴിഞ്ഞു ഗൾഫിലേക്ക് കപ്പൽ കയറി; അവിടെ എത്തിയപ്പോൾ മറിയാമ്മയുടെ കത്ത് തന്നെ കാത്തിരിപ്പുണ്ടായിരുന്നു!! അതിനുള്ള മറുപടി നാട്ടിൽ ചെല്ലുന്നത് ഇരുപത്തിയഞ്ചാം ദിനത്തിൽ!! അന്നൊക്കെ ഒരു കത്തയച്ചു അതിനുള്ള മറുപടിക്ക് ഒന്നരമാസം!! അതിനുള്ളിൽ പരസ്പരം ഒന്നും സംഭവിച്ചിട്ടില്ല എന്നു മനസ്സിൽ ഉറപ്പിച്ചു പ്രണയവും വിരഹവും സന്തോഷവും സങ്കടവും മനസ്സിൽ വേലിയേറ്റവേലിയിറക്കങ്ങൾ തീർത്തുകൊണ്ടിരിക്കും!!! അക്കാലം കഥകളായ ഇക്കാലത്ത്; ആളെക്കുറിച്ച് വിവരമില്ലാത്ത ചില മണിക്കൂർ മരണം എന്ന് ഉറപ്പിച്ചു പോകുന്ന മനുഷ്യരും ഇന്നത്തെ സാഹചര്യങ്ങളും!!

ഇങ്ങനെയുള്ള ഓർമ്മകൾക്കൊപ്പം ഒരിളം കാറ്റിന്റെ തലോടൽ കൂടെ യായപ്പോൾ; ആ വൃദ്ധൻ സുഖനിദ്രയിലേക്ക് വീണു!!!



പ്രിൻസി നെൽസൺ
ഡൽഹി

HH Rhythm

**നീ കേൾക്കുന്നില്ലേ കുഞ്ഞേ നിൻ സൃഷ്ടാവിൻ മൊഴി**
**നീ കാണുന്നില്ലേ കുഞ്ഞേ നിൻ പ്രിയൻ പൊൻ മുഖം**

**നിമിഷ ശലഭങ്ങൾ എല്ലാം കൊഴിയും സ്വപ്നങ്ങൾ പോലെ**
**വിരിയും ഓരോ ദളങ്ങൾ കൊഴിയുവാനായി മാത്രം**

**കണ്ടിടും സ്വപ്നങ്ങൾ ഒന്നും നിന്നെയോ പുൽകുന്നതും**
**കേട്ടിടും കാവ്യങ്ങൾ ഒന്നും നിന്നെയോ തഴുകുന്നതും**
**നിന്റെ സ്വപ്നങ്ങൾക്കപ്പുറം പിന്നെയും നാഥൻ കരം...നിമിഷ ശലഭങ്ങൾ**

**കരയുവാൻ കണ്ണീരതില്ല പറയുവാൻ വാക്കുകൾ ഇല്ല**
**കാരണമോ കേൾപ്പാനുമില്ല നാളയതോ ഓർക്കുന്നതുമില്ല**
**നിന്റെ മോഹങ്ങൾക്കപ്പുറം നാഥൻ പ്രവർത്തിച്ചിടും**

**കാലങ്ങളോ ചേരുന്നതല്ല കാഴ്ചയതോ മങ്ങുന്നുവല്ലോ**
**ആത്മീയമോ ഭൗതീകംപോലെ ആത്മാവിലോ നഷ്ടങ്ങൾ മാത്രം**
**ഉടയും എൻ ഹൃത്തെ പണിയുവാൻ നാഥാ നീ മാത്രമേ**

# ഡോ.റ്റി.റ്റി. തോമസ് നിത്യതയുടെ തീരങ്ങളിൽ...



ബഹറിനിലെ പെന്തക്കോസ്ത് ചരിത്രത്തിന്റെ ആവിർഭാവം മുതൽ പിന്നിട്ട അഞ്ചു ദശാബ്ദങ്ങളിലേറെ വിശ്വാസ സമൂഹത്തിന്റെ ആത്മീയ വളർച്ചയ്ക്കും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും അമൂല്യമായ സംഭാവനകളേകിയ പാസ്റ്റർ റ്റി.റ്റി. തോമസ് നിത്യതയുടെ തീരങ്ങളിലേക്ക് യാത്രയായി.

ബഹറിൻ ഐ.പി.സി യുടെ സഹസ്ഥാപകൻ, സീനിയർ മിനിസ്റ്റർ, വ്യവസായ പ്രമുഖൻ, വിദ്യാഭ്യാസ പ്രവർത്തകൻ തുടങ്ങിയ നിലകളിൽ പൊതുരംഗത്ത് നിറസാന്നിദ്ധ്യമായിരുന്നു അദ്ദേഹം. അവസാന നിമിഷങ്ങൾ വരെ സാമൂഹ്യസേവനത്തിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. The New Indian School, Ebenezer Private School, Ebenezer International Residential School എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാരഥ്യം വഹിച്ച കർത്തൃദാസൻ റ്റി.റ്റി. തോമസ് ബഹറിനിലെ വിശ്വാസസമൂഹത്തിന് എന്നും താങ്ങും തണലുമായി നിലകൊണ്ടു.

ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളോട് ഏറ്റുമുട്ടി തളർന്നുവീണ അനേകരെ ജാതിമതഭേദമന്യെ ബലപ്പെടുത്തുവാൻ ദൈവം അദ്ദേഹത്തെ ശക്തീകരിച്ചു. കഷ്ടപ്പെടുന്നവരോടുള്ള സഹാനുഭൂതിയും ദീനാനുകമ്പയും അദ്ദേഹമൊരിക്കലും അധരചർവ്വണത്തിന് പരിമിതപ്പെടുത്തിയില്ല. ദാനമായി ലഭിച്ച ദൈവീക നന്മകളുടെ ഗണ്യമായ ഭാഗം അങ്ങനെയുള്ളവർക്ക് കൈത്താങ്ങൾ നൽകുവാൻ അദ്ദേഹം ചിലവഴിച്ചു.

ശ്രോതാക്കളുമായി ശക്തമായ നിലയിൽ ആശയവിനിമയം നടത്തുവാൻ വൈദഗ്ദ്യമുള്ള വചനപ്രഘോഷകനായിരുന്നു അദ്ദേഹം. സദസ്യരെ കൈയ്യിലെടുക്കുവാൻ വേദിയിൽ അദ്ദേഹം വാക്കുകൾ കൊണ്ട് അമ്മാനമാടുകയൊ, വിലകുറഞ്ഞ ടെക്നിക്കുകൾ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. ലളിതകോമള പദാവലികൾ സമഞ്ജ്ജമായി സമ്മേളിപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ വാക്ധോരണികൾ ശ്രോതാക്കൾ ശ്വാസം പിടിച്ചിരുന്ന് ശ്രവിച്ചിരുന്നു. നർമ്മത്തിന്റെ മേമ്പൊടി ചേർത്ത് ദൃഷ്ടാന്തങ്ങൾകൊണ്ടും ഉപാഖ്യാനങ്ങൾകൊണ്ടും സമൃദ്ധമായ ദൈവവചനം സ്വതസിദ്ധമായ ശൈലിയിൽ വേദികളിൽ വാരിവിതറുമ്പോൾ വാക്കുകളുടെ വജ്രമുനകൾക്കു മുമ്പിൽ ഹർഷപുളകിതരാകുന്ന ശ്രോതാക്കളും അത്ര കുറവായിരുന്നില്ല.

അവിശ്വസനീയമായിരുന്നു അദ്ദേഹത്തിന് ദൈവവചനത്തിലുണ്ടായിരുന്ന നിശ്ചയം. വിഷയങ്ങളെക്കുറിച്ച് ആഴമായി വായിക്കുകയും അവഗാഹമായ ജ്ഞാനം ആർജ്ജിക്കുകയും ചെയ്തതിനുശേഷമെ അദ്ദേഹം വേദികളിലേക്ക് ചുവടുകൾ വെച്ചിരുന്നുള്ളൂ. ഊഹാപോഹങ്ങളിലല്ല, കാര്യകാരണങ്ങളുടെ അടിസ്ഥാനങ്ങളിലാണ് അദ്ദേഹത്തിന്റെ സന്ദേശങ്ങൾ അടിയുറപ്പിച്ചത്.

ഡോ.റ്റി.റ്റി. തോമസ് രചിച്ച 'ആത്മാവിനോട് പോരാടുന്ന അന്ധകാരശക്തികളെ'ന്ന ഗ്രന്ഥത്തിന്റെ രചനയിൽ ഒരു പങ്കാളിയാകുവാൻ അവസരം ലഭിച്ചപ്പോഴാണ് തിരുവചനത്തിൽ അദ്ദേഹത്തിനുള്ള അവഗാഹമായ പാണ്ഡിത്യത്തിന്റെ ഒരു ഏകദേശരൂപം ഉൾക്കൊള്ളുവാൻ കഴിഞ്ഞത്. ഔദ്യോഗിക മണ്ഡലത്തിൽ തിരക്കേറിയ ജീവിതം നയിക്കുന്ന അദ്ദേഹത്തിന് തിരുവചനത്തിലുണ്ടായ അഗാധമായ ജ്ഞാനം യാദൃച്ഛികമായിരുന്നില്ല. കഴിഞ്ഞ ദീർഘവർഷങ്ങളിലായി അദ്ദേഹത്തിന്റെ ദിനചര്യയിലെ അവിഭാജ്യഘടകമായിരുന്നു തിരുവചനപഠനവും, ധ്യാനവും. എല്ലാ പ്രഭാതങ്ങളിലും ഔദ്യോഗിക ജീവിതം ആരംഭിക്കുന്നതിന് മുമ്പ് വചനപഠനത്തിനായി മണിക്കൂറുകൾ അദ്ദേഹം വേർതിരിച്ചിരുന്നു.

'ആത്മാവിനോട് പോരാടുന്ന അന്ധകാരശക്തികളെ'ന്ന കൃതി പൂർത്തിയാക്കുവാൻ ഏകദേശം രണ്ടു വർഷങ്ങളെടുത്തു. ഗ്രന്ഥരചനയുടെ എല്ലാ ഘട്ടങ്ങളിലും ആവശ്യമായ നിർദ്ദേശങ്ങൾ ഫോണിലൂടെ നൽകി സജീവമായി അദ്ദേഹം എന്നോടൊപ്പമുണ്ടായിരുന്നു. ഫോണിലൂടെയുള്ള ചർച്ചകൾ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന വിഷയങ്ങളുടെ പരിധികളെ അതിലംഘിച്ചു പടർന്നു പന്തലിച്ചപ്പോൾ മറനീക്കി പുറത്തു വന്നത് അദ്ദേഹത്തിന്റെ തിരുവചനത്തിലുള്ള അവഗാഹമായ ജ്ഞാനം.

ദൈവത്തെ സേവിക്കുന്നതിലും സമൂഹത്തിന്റെ ഉന്നമനത്തിനായി ചിലവിടുന്നതിലും സംതൃപ്തിയും സന്തോഷവും കണ്ടെത്തിയ നിസ്വാർത്ഥമതിയായ മനുഷ്യസ്നേഹിയായിരുന്നു ഡോ. റ്റി.റ്റി. തോമസ്. ഒക്ടോബർ 30-ാം തീയതി ന്യൂ ഇൻഡ്യൻ സ്കൂളിൽ ക്രമീകരിച്ച പ്രത്യേക മീറ്റിംഗിൽ സംബന്ധിക്കുവാൻ യാത്ര തിരിക്കുന്നതിന് ദിവസങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്റെ ഒരു ഫോൺകോൾ ലഭിച്ചു. ദീർഘവർഷങ്ങൾ കൊണ്ട് തയ്യാറാക്കിയ പ്രസംഗക്കുറിപ്പുകളുടേയും ധ്യാനചിന്തകളുടേയും കോപ്പികൾ ഫയൽ ചെയ്തത് സൂക്ഷിച്ചിട്ടുണ്ടെന്നു, ബഹറിനിൽ വരുമ്പോൾ കൈമാറാമെന്നും അദ്ദേഹം പറഞ്ഞു. അവ പുസ്തകങ്ങളാക്കി പുറത്തിറക്കാനുള്ള ഭാരിച്ച ദൗത്യമാണ് അദ്ദേഹമെന്ന ഭരമേൽപ്പിച്ചത്. അച്ചായൻ ബഹറിനിൽ ഉണ്ടല്ലോ. എഴുതിയവയെല്ലാം നമുക്ക് പുസ്തകങ്ങളായി പ്രസിദ്ധീകരിക്കാം'. അദ്ദേഹത്തിന്റെ ചിരകാലാഭിലാഷം പൂർത്തീയാക്കുന്നതിൽ ഞാൻ കൂടെയുണ്ടായിരിക്കുമെന്ന് ഉറപ്പു നൽകിയപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ ഒരിക്കലും മറക്കുകയില്ല. 'ഞാനിവിടെയില്ലെങ്കിലും അവ പുസ്തകങ്ങളായി പ്രസിദ്ധീകരിക്കണം. അവ അനേകർക്ക് അനുഗ്രഹത്തിനും ആശ്വാസത്തിനും കാരണമായിത്തീരട്ടെ'.

അടുത്തയിടെ അദ്ദേഹവുമായി നടത്തിയ സംഭാഷണങ്ങൾ സംയോജിപ്പിച്ച് അപഗ്രഥിക്കുമ്പോൾ, ഒരിക്കലും മടങ്ങിവരാത്ത യാത്രയ്ക്കായി അദ്ദേഹം മാനസികമായി ഒരുങ്ങുകയായിരുന്നു എന്നാണ് അനുമാനിക്കുവാൻ കഴിയുന്നത്. വേർപാടിനോടുള്ള ബന്ധത്തിൽ ദുഃഖത്തിലായിരിക്കുന്ന കർത്തൃദാസിയേയും, കുടുംബാംഗങ്ങളേയും, അദ്ദേഹം നേതൃത്വം നൽകിയ ഐ.പി.സി ബഹറിനിലെ വിശ്വാസികളേയും, ബഹറിനിലുള്ള വിശ്വാസമൂഹത്തേയും സ്വർഗ്ഗസ്ഥനായ ദൈവം ആശ്വസിപ്പിക്കട്ടെ.

*– ടീയെസ് കപ്പമാംമൂട്ടിൽ*

A SPARROW'S FAITH 15

## JESUS THE HUMAN

## "All MY TEARS IN YOUR BOTTLE..."






Raji Unnikrishnan

Jesus wept.

Today morning I cried, so did I the other day, and again, last week. Life is so complex and at times so confusing and I thank God for the tears that trickle down with or without my permission. Yes, tears are a big relief, especially when shed at the foot of the cross.

The story of Jesus raising Lazarus from death has been repeatedly occurring to me of late. First, it reached me through a song one day, reassuring of His "right" time and that He is never "late". Then a friend used it at the church school to teach the little ones on "faith". When I came across the reference to the medical term - Lazarus syndrome (the condition of spontaneous return of circulation after failed attempts to resuscitate a human heart), it was a third time. This made me think – is there a message trying to reach me? My thoughts found their way to the smallest verse in the Bible "Jesus wept" (John 11:35). I don't remember the number of times I have read or repeated this verse – but for the first time, it shed a different light on my thoughts.

Whenever I cried, I always wondered if Jesus was feeling me, the way I feel. The pang, the writhe within and the struggle, the way I go breathless and helpless over things I don't have a control on but I deeply desire, the frustrations that voice as "I don't deserve this", the inexplicable pain – does He feel it real? After all, He's God!

I went back to the Gospel of John, which is the only book in the Bible that recounts the miracle of Jesus raising Lazarus of Bethany from death (John 11:1- 44) back to life four days after his burial. Verse 35 reads "Jesus wept"; verse 33 reads "he was deeply moved in spirit and troubled" and verse 36 reads "See how he loved him!" (quoting the Jews).

The string of these three verses, like a gentle breeze, sunk into me – He was man himself – He felt the pain - He was moved, sad and troubled… and He wept. Yes, He feels me and He loves me, unconditionally. That was such a reassurance…

A little more reading into the verse told me that Pope Leo the Great referred to this passage to discuss the two natures of Jesus. "In his humanity Jesus wept for Lazarus; in his divinity he raised him from the dead."

Yes, His tears were like that of mine – He wept like me, with sorrow, angst and even rage perhaps, at the complexity of life.

"You keep track of all my sorrows. You have collected all my tears in your bottle. You have recorded each one in your book." Psalm 56:8

*-A Sparrow*

# ഓർമ്മകളിൽ എന്നും..... പ്രിയ അങ്കിൾ



ഹലോ ഹോപ്പ് എന്ന ഒരു ക്രിസ്തീയ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള ആശയം ദൈവം നൽകിയപ്പോൾ അത് പാസ്റ്റർ പി.സി. വർഗീസുമായി സംസാരിക്കുകയും അദ്ദേഹം ഈ സംരംഭത്തെ അനുഗ്രഹിച്ചു പ്രാർത്ഥിക്കുകയും ചെയ്തതിനുശേഷം ഈ ശുശ്രൂഷയെക്കുറിച്ചു സംസാരിച്ചത് അങ്കിൾ എന്ന് സ്നേഹത്തോടും ബഹുമാനത്തോടും ഞാൻ വിളിക്കുന്ന പാസ്റ്റർ റ്റി.റ്റി. തോമസ് അവറുകളോടായിരുന്നു. കേട്ട ഉടനെ തന്നെ ഇതിനുള്ള സാമ്പത്തിക ബാധ്യതയെക്കുറിച്ച് പറഞ്ഞു വളരെ ശകാരിക്കുകയും സ്നേഹത്തോടെ ശാസിക്കുകയും ചെയ്തു. എന്നാൽ പ്രവാസികളായ ദൈവമക്കൾക്കും മറ്റുള്ളവർക്കും സുവിശേഷത്തിന് സഹായകരമായ കാര്യങ്ങൾ എഴുതാൻ അവസരം ഒരുക്കുക എന്നുള്ളതാണ് ലക്ഷ്യമെന്നും അല്പായുസ്സുള്ള വാർത്തകളേക്കാൾ ദൈവവചനടാസ്ഥാനത്തിലുള്ള കൃതികൾക്കാണ് പ്രാധാന്യം കൊടുക്കുന്നതെന്നും പറഞ്ഞു. കൂടാതെ, ബഹറിനിൽ വീണ്ടും ജനനാനുഭവം പ്രാപിച്ച് ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന എല്ലാ പ്രിയപ്പെട്ടവരുടേയും സഹകരണത്തോടുകൂടി മുന്നോട്ടു പേകാൻ ആഗ്രഹിക്കുന്നു എന്നും കേട്ടപ്പോൾ അദ്ദേഹത്തിന് സന്തോഷമായി.  ഹലോ ഹോപ്പിന്റെ ഏതൊരു ഇഷ്യുവും എത്രനാൾ കഴിഞ്ഞ് വായിക്കുന്ന ആൾക്കും അതിലെഴുതിയിരിക്കുന്ന ഓരോ വാക്കും വാചകവും ആശ്വാസവും സന്തോഷവും സമാധാനവും നൽകും എന്ന കാര്യവും അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. ഇതിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് മൗനമായി കേട്ടശേഷം ആദ്യ ലക്കം പ്രിന്റ് ചെയ്ത് ഇറക്കുന്നതിന് എത്ര ചിലവ് വന്നാലും അത് വഹിക്കാൻ അദ്ദേഹം തയ്യാറാണ് എന്ന സന്തോഷത്തോടെ അറിയിച്ചു. അത് ഞങ്ങൾക്കൊരു ചൈതന്യം പകർന്ന നിമിഷമായിരുന്നു. ഹലോ ഹോപ്പ് ആദ്യ ലക്കം പ്രാർത്ഥിച്ച് പാസ്റ്റർ പി.സി. വർഗീസിന് കൈമാറിയതും അദ്ദേഹം തന്നെയായിരുന്നു. അവിടിന്നിങ്ങോട്ട് എല്ലാ അവസരത്തിലും അദ്ദേഹത്തിന്റെ പ്രാർത്ഥനയും പ്രോത്സാഹനവും ഉണ്ടായിരുന്നു. വായനക്കാരുൾപ്പെട്ട ഹലോ ഹോപ്പ് കുടുംബത്തിന്റെ ഓർമ്മകളിൽ എന്നും പാസ്റ്റർ റ്റി.റ്റി. തോമസ് എന്ന ഞങ്ങളുടെ തങ്കച്ചായൻ ഉണ്ടാകും.

*– ചെറിയാൻ മാത്യൂസ്, ഡയറക്ടർ & മാനേജിംഗ് എഡിറ്റർ*



2017 ഏപ്രിൽ 1-ന് ഹലോ ഹോപ്പിന്റെ ആദ്യ ലക്കം പാസ്റ്റർ റ്റി.റ്റി. തോമസ് പകാശനം ചെയ്യുന്നു.

















# മുൾപഥങ്ങളിൽ വസന്തപ്രയാണം ചെയ്ത തങ്കച്ചായൻ

ഒന്നാം പേജിൽ നിന്നും തുടർച്ച

- ജിജോ അങ്കമാലി

ജീവിതത്തിന്റെ ഓരോ ചുവടുകളിലും തീരുമാനങ്ങളിലും സംരംഭങ്ങളിലും തന്റെ കരങ്ങളെ പിടിച്ചുയർത്തിയ സ്നേഹസമ്പന്നനായ ദൈവത്തോടുള്ള നന്ദിസൂചകമായിട്ടാണ് 'ഏബെൻ-ഏസെർ' എന്ന ബ്രാൻഡ് നെയിം സ്വീകരിച്ചത്. ആ ദൈവം ഇത്രത്തോളം തന്നെ കൊണ്ടുവരികയും ചെയ്തു. സ്തോത്രം.

ബഹ്റൈനിലെത്തിയ ഒന്നാം നാൾ മുതൽ തന്നെയും താൻ ബഹ്റൈൻ ഐ.പി.സി യിൽ തന്റെ സഹോദരനോടൊപ്പം പങ്കെടുക്കുകയും പതുക്കെ പതുക്കെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ശുശ്രൂഷക്ക് ചുമൽ കൊടുക്കുകയും ചെയ്തു. ജേഷ്ഠൻ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടതിനു ശേഷം സഭയ്ക്ക് പ്രസിഡന്റ്, സീനിയർ പാസ്റ്റർ എന്നീ നിലകളിലും താൻ ശുശ്രൂഷ ചെയ്തുപോന്നു.

55 വർഷങ്ങൾക്കു മുമ്പ്, 1963-ൽ തന്നെ, ഔദ്യോഗിക ജീവിതം ആരംഭിച്ച ദിവസം ജോലിക്ക് പോകാനൊരുങ്ങുന്ന നേരം 'എല്ലാ ദിവസവും ജോലിക്ക് പോകുന്നതിനു മുമ്പ് വേദപുസ്തകം വായിച്ച് പ്രാർത്ഥിച്ചിരിക്കണം' എന്ന ബുദ്ധി ഉപദേശം തന്റെ ജേഷ്ഠൻ നൽകി. താനത് ഹൃദയ പൂർവ്വം ഏറ്റെടുത്തു. ദശാബ്ദങ്ങൾ കഴിയും തോറും, ഉത്തരവാദിത്വങ്ങളും തിരക്കുകളും പദവികളും വർദ്ധിച്ചപ്പോഴും താനത് മുടക്കിയില്ല എന്ന് മാത്രമല്ല ആയതിൽ വർദ്ധിച്ചു വരികയും ചെയ്തു. ഏകദേശം രണ്ടു മൂന്നു മണിക്കൂറുകൾ വേദപഠനത്തിനായി വേർതിരിക്കുന്ന പതിവ് അവസാന നാൾ വരേയും തനിക്കുണ്ടായിരുന്നു. ആയിരക്കണക്കിന് പ്രസംഗക്കുറിപ്പുകളാണ് താൻ ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ആയതിൽ നിന്നും തിരഞ്ഞെടുത്ത 16 സന്ദേശങ്ങൾ 'ആത്മാവിനോട് പോരാടുന്ന അന്ധകാരശക്തികൾ' എന്ന പേരിൽ 2018 -ൽ പാസ്റ്റർ തോമസ് സാമുവേലിന്റെ ഉത്സാഹത്താൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

തങ്കച്ചായൻ ഏറ്റവും ഒടുവിലായ് എഴുതിയ ലേഖനമാണ് BMCC യുടെ 60-ാം വർഷത്തെ വജ്രജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച അറുപതാണ്ടും അറുപത് ധ്യാനകുസുമങ്ങളും എന്ന പുസ്തകത്തിൽ ചേർത്തിരിക്കുന്ന 'ദൈവവചനത്തെ യഥാർത്ഥമായ് വ്യാഖ്യാനിക്കുക' എന്ന ലേഖനം. തന്റെ ശേഷിക്കുന്ന പ്രസംഗക്കുറിപ്പുകൾ കൂടെ ചേർത്ത് ഇനിയും പുസ്തകങ്ങൾ രചിക്കണം എന്ന ആഗ്രഹവും ബാക്കി വച്ചാണ് താൻ യാത്രയായത്.

കഠിനാദ്ധ്വാനവും ദൈവകൃപയും ഒത്തിണങ്ങിയതിനാലാണ് ദൈവീക അനുഗ്രഹങ്ങൾ തനിക്ക് കൈവരിക്കാനായത് എന്ന് പറയാം. വ്യവസായ പ്രമുഖൻ, വിദ്യാഭ്യാസ പ്രവർത്തകൻ, വേദപണ്ഡിതൻ, പ്രഭാഷകൻ, ഗ്രന്ഥകർത്താവ്, സീനിയർ പാസ്റ്റർ എന്നീ നിലകളിൽ തന്നെ നാം അറിയുന്നെണ്ടെങ്കിലും അത്ര എളുപ്പമായിരുന്നില്ല തന്റെ പ്രയാണം.

ജീവിതപാതയിലെ കനലിന്റെ ചൂട് നന്നായറിഞ്ഞവനായിരുന്നു താൻ. തന്റെ മൂത്ത മകൻ ജൂവാൻ വാഹനാപകടത്തിൽ ഈ ലോകത്തു നിന്ന് മാറ്റപ്പെട്ടു. ഔദ്യോഗിക രംഗങ്ങളിലും, കുടുംബത്തോടുള്ള ബന്ധത്തിലുമെല്ലാം മനസ്സിനെ തളർത്തികളയുന്ന ഒട്ടനവധി പ്രതിസന്ധികൾ പേമാരിപോലെ പെയ്തിറങ്ങിയിട്ടുണ്ട്. കൊടുങ്കാറ്റുകൾ ക്രൂരമായ് ആഞ്ഞടിച്ചിട്ടും താൻ തളർന്നില്ലെന്ന് മാത്രമല്ല, പ്രയാണം ചെയ്ത് മുന്നേറുകയും ചെയ്തു. ദൈവം, ദൈവചനം, ദൈവകൃപ ഇതായിരുന്നു എക്കാലത്തേയും തന്റെ ബലം.



1968 ആഗസ്റ്റ് ഒന്നാം തീയതിയാണ് ബഹ്റൈനിൽ നേഴ്സായ് ജോലി ചെയ്തിരുന്ന സഹോദരി ലീലാമ്മയെ ബഹ്റൈനിലെ നാഷണൽ ഇവാഞ്ചലിക്കൽ ചർച്ചിൽ വച്ച് താൻ വിവാഹം ചെയ്തത്. ജൂവാൻ, ജാൻ, ജെമി എന്നീ മൂന്ന് മക്കളെ നൽകി ദൈവം അവരുടെ കുടുംബ ജീവിതത്തെ അനുഗ്രഹിച്ചു.

ബഹ്റൈനിൽ 55 വർഷവും സഹധർമ്മിണി ലീലാമ്മാന്റിയോടൊത്തുള്ള കുടുംബജീവിതത്തിന്റെ 50-ാം വാർഷികവും ഒരുമിച്ച് സമ്മാനിച്ച വർഷമാണ് 2018. ഈ വർഷം ഒക്ടോബർ 30 ന് ന്യൂ ഇൻഡ്യൻ സ്കൂളിൽ വിപുലമായ ഒരു സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. ആയത് ഒരളവിൽ തനിക്കുള്ള ഒരു യാത്ര അയപ്പിനുള്ള ചുവടൊരുക്കമായിരുന്നു എന്ന് ആരം തിരിച്ചറിഞ്ഞില്ല. തന്റെ ജീവിതത്തേയും, വീക്ഷണത്തേയും വിലയിരുത്തി തന്റെ സാന്നിധ്യത്തിൽ ഓരോരുത്തരും സംസാരിച്ചത് കൺ നിറക്കുന്നതും ഹൃദയം കുളിർപ്പിക്കുന്നതും, സ്തുതി ഉയർത്തുന്നതുമായ ഒരു രംഗമായിരുന്നു. അതും കേൾക്കാനുള്ള ഭാഗ്യം തനിക്കുണ്ടായി.

വ്യക്തികളുടെതായാലും, സഭകളുടേതായാലും ഏതാവശ്യങ്ങൾക്കും തുറന്ന മനസ്സോടെ ഔദാര്യമായ് കൊടുക്കാൻ തനിക്കാകുമായിരുന്നു. തന്നെ കൊടുത്ത് തോല്പിക്കാൻ ആർക്കും കഴിയില്ലായിരുന്നു എന്ന് പറയത്തക്ക വിധമായിരുന്നു തന്റെ

തന്റെ മനസ്സിൽ തീയെരിഞ്ഞാലും നറുംപുഞ്ചിരിയോടെയാണ് തന്നെ എന്നേരവും കാണാറ്. മുഖം നോക്കാതെ കാര്യങ്ങൾ തുറന്നു പറയാൻ തനിക്ക് കഴിയുമായിരുന്നു. വേദത്തിന്റെ ആഴത്തിലിറങ്ങി സംസാരിപ്പാനും കഠിന ഭാഗങ്ങൾപ്പോലും ലളിതമായി ഗ്രഹിക്കത്തക്കവിധത്തിൽ പറയാനും ഒരു പ്രത്യേക കഴിവ് തനിക്കുണ്ടായിരുന്നു. സഭയിലും BMCC യിലും മറ്റ് വേദികളിലും താനത് ആവോളം പ്രയോജനപ്പെടുത്തുകയും ചെയ്തു. ധാരാളം നർമ്മങ്ങൾ പറയാനും ആസ്വദിക്കാനും തനിക്ക് കഴിയുമായിരുന്നു.

തന്റെ ഒന്നിലധികം ഇന്റർവ്യൂ എടുക്കുന്നതിനും അടുത്തിട പഴകുന്നതിനും എനിക്കും സംഗതിയായിട്ടുണ്ട്. പിതൃസ്നേഹത്തോടെ സംസാരിക്കുന്നതും ഇടപഴകുന്നതും ഇനി നിത്യ സ്മരണകളാണ്.

പലവിധ രോഗങ്ങൾ തന്നെ കീഴടക്കാൻ ശ്രമിച്ചെങ്കിലും പടവാളേന്തി താൻ മുന്നോട്ടു പോയി. അവസാന നാളുകളിൽ ക്ഷീണം അധികമായി വർദ്ധിച്ചു വന്നു. ഒടുവിൽ മസ്തിഷ്ക രക്തസ്രാവത്തെ തുടർന്ന് 2018 ഡിസംബർ മാസം 9-ാം തീയതി താൻ ദുഃഖവും, വേദനയും, മരണവുമില്ലാത്ത നാട്ടിലേക്ക് പറന്നുയർന്നു.

2018 ഡിസംബർ 12-ാം തീയതി ബഹ്റൈനിലും 15-ാം തീയതി ഏറ്റുമാനൂരും വച്ച് നടന്നതായ അനുസ്മരണ, യാത്ര അയപ്പു ശുശ്രൂഷകളിൽ നൂറുകണക്കിനാളുകളാണ് പങ്കെടുത്തത് എന്ന് മാത്രമല്ല തന്നെ സ്മരിച്ച് സംസാരിക്കാൻ അവസരം ലഭിച്ച ഓരോരുത്തരും അവരവരുടെ അനുഭവങ്ങൾ കണ്ണീരണിഞ്ഞ വാക്കുകളോടെ സാക്ഷിപ്പോഴാണ് ഇരുകൈയ്യറിയാതെയും, മറുകാത് കേൾക്കാതെയും താൻ ചെയ്തുകൂട്ടിയ സേവനത്തിന്റെയും, സഹായത്തിന്റെയും, പ്രോത്സാഹനത്തിന്റെയും, സ്വാധീനത്തിന്റെയും മഹത്വം കുറച്ചെങ്കിലും പുറംലോകം അറിഞ്ഞത്. ആ കൂട്ടത്തിൽ സ്വന്തം സഭാംഗങ്ങളും, കുടുബാംഗങ്ങളും മാത്രമല്ല, മറ്റ് സഭാംഗങ്ങളും, മറ്റ് മതക്കാരുമുണ്ടായിരുന്നു എന്നതാണ് വിശേഷത. പ്രായഭേദമന്യെ ഏവർക്കും തന്നെക്കുറിച്ച് നല്ലതെ പറയാനുണ്ടായിരുന്നുള്ളൂ. താൻ സ്പർശിക്കാത്ത ജീവിതങ്ങൾ കുറവായിരുന്നു. തന്റെ സഹായം എത്തിച്ചേരാത്ത മണ്ഡലങ്ങളും കുറവായിരുന്നു.

തന്റെ ജീവിത്തെ ഞാനിങ്ങനെ സംഗ്രഹിക്കട്ടെ,

***He was a man of Dignity***
***He was a man of Integrity***
***He was a man of Punctuality***
***He was a man of Humility***
***He was a man of Generosity***
***He was a man of Spirituality***
***He was a man of Hospitality***

വന്ന വഴികളെ മറക്കാതെ വളർന്നു വന്ന തന്നെ ദൈവം അനുഗ്രഹിച്ചു. തന്നെ ഒരു അനുഗ്രഹമാക്കി മാറ്റി. ചവുട്ടി മെതിക്കുന്ന കാൽ പാദങ്ങളിൽ പോലും അല്പം നറുമണം ശേഷിപ്പിക്കുന്ന പനിനീർ പുഷ്പത്തെപ്പോലെയായിരുന്നു തന്റെ ജീവിതം. തന്റെ വിജയ രഹസ്യം എന്നത് വേദപുസ്തകവും വേദപുസ്തകത്തിലെ ദൈവവുമായിരുന്നു.

സകലവും നന്മക്കായ് കൂടി വ്യാപരിപ്പിക്കുന്ന ദൈവം മുൾപഥങ്ങളിലൂടെയുള്ള തന്റെ പ്രയാണത്തെ വസന്തമാക്കി മാറ്റി. ആയതിന്റെ മാറ്റും തിളക്കവും നിത്യത മാത്രമെ വെളിപ്പെടുത്തുകയുള്ളൂ. ഏഴ് നക്ഷത്രം വലങ്കയ്യിൽ പിടിച്ച് ഏഴ് പൊൻവിളക്കുകളുടെ നടുവിൽ ഉലാത്തുന്ന തന്റെ പ്രാണപ്രിയന്റെ സവിധത്തിലേക്ക് എഴുപത്തേഴു തികച്ച തങ്കച്ചായൻ പറന്നുയർന്നു. തന്റെ ശുശ്രൂഷകളേയും മാതൃകകളേയും പിൻതുടർന്ന നമുക്കും തുടരാം നമ്മുടെ വസന്തപ്രയാണം മുൾപഥങ്ങളിലൂടെ.

BMCC യുടെ മുൻ സെക്രട്ടറിയായിരുന്ന പാസ്റ്റർ എം.ജി.ജോയ്, ക്വയർ ലീഡറായ സ്റ്റാൻലി പ്രസർ, കമ്മറ്റി അംഗമായിരുന്ന സാമുവേൽ ബാബു എന്നിവർ ബഹ്റൈനിൽ വെച്ച് കർത്തൃസവിധമണഞ്ഞവരാണ്. അക്കൂട്ടത്തിൽ നമ്മുടെ പ്രിയ തങ്കച്ചായനും.

സകലവും നന്മക്കായി കൂടി വ്യാപരിപ്പിക്കാൻ കഴിവുള്ള ദൈവം കനൽ പാതകളിലൂടെയുള്ള തന്റെ പ്രയാണത്തെ കനകം വിളയിക്കുന്ന അനുഭവമാക്കി മാറ്റി. ആയതിന്റെ മാറ്റും തിളക്കവും നിത്യത മാത്രമെ വെളിപ്പെടുത്തുകയുള്ളൂ. 77 വർഷത്തെ കനക ശോഭയുള്ള തന്റെ ജീവിതത്തേയും ശുശ്രൂഷകളേയും മാതൃകളേയും പിന്തുടർന്നു കൊണ്ട് നമുക്കും മുന്നേറാം താനെത്തിയ കനക നാട്ടിലേക്ക്.

## ക്രൈസ്തവ കൈരളിക്ക് ഒരു പുതിയ ഗാനം

***"ഓരോ നിമിഷവും എൻ ജീവിത്തതിൽ..."***



ജോൺസി വെസ്ലി

8 വർഷം മുമ്പ് ജീവിതത്തിലെ പ്രയാസ വേളകളിൽ ദൈവം നൽകിയ വരികൾ ജോൺസി വെസ്ലി തന്റെ ഡയറിയിൽ കുറിച്ചിട്ടു. എന്നാലത് മനോഹരമായൊരു ഗാനമായി പിൽക്കാലത്ത് പുറത്തു വരും എന്ന് ചിന്തിച്ചില്ല. അതിപ്പോൾ ഗിൽഗാൽ മെസഞ്ചർ മീഡിയയിലൂടെ ദൈവം അത് ദൈവജനത്തിന്റെ മുമ്പിൽ എത്തിച്ചു. ഈ മനോഹര വരികൾക്ക് സംഗീതം പകർന്നിരിക്കുന്നത് ഷിബു വേട്ടമലയാണ്. ഡെന്നി തോമസ് പശ്ചാത്തല സംഗീതം നിർവ്വഹിച്ച ഈ ഗാനം ആലപിച്ചത് സൂസൻ ഡെന്നിയാണ്. നിരാശയിലും വേദനയിലും ഇരിക്കുന്ന എല്ലാവർക്കും സാന്ത്വനമായി തീരും ഈ ഗാനം എന്നതിന് സംശയമില്ല.

*ഗാനത്തിന്റെ ലിങ്ക്:* **https://youtu.be/mvdRfzruXOo**

# THE REJECTION AND THE REDIRECTION



**Joel George Jacob**

*"Some of God's greatest gifts are unanswered prayers"*

Remember the time when you knelt down for hours praying for something, fasting for days and praying strong prayers that'll bring the heavens down and still nothing happened? And then you just left murmuring to yourself, Why God didn't answer that prayer? Why didn't he crack open the heavens and send angels with deliverance? Well, it's simply because it wasn't according to His plan! We humans many times, with our limited understanding try to educate a God of unlimited knowledge and wisdom. The songs we sing, the testimonies we say are all so divine that it makes the apostles look like ordinary Sunday church goers. We sing and ask God to unveil His will and only His will in our lives and when he does it, we are not so happy and question the Creator of the universe.

The problem with our limited understanding is that our vision is also limited. The way we understand things or the way we comprehend things is within our limited understandings. But the God we serve is a God without limits. He saw your end before you began. And when He said that, 'He will carry you till the end', He meant every word. We are faced with rejection most times that we don't see the bigger picture many times. Yes, He loves you, Yes, He sometimes doesn't answer your prayers. No, it is not because he forgot you, it is only because he is redirecting you to a better plan. We are stuck up on the temporary roadblocks that come in our way that we lose focus on the greater glory in the bigger picture. We forget the big picture, because we are always looking closely on the smaller things. The Bible has many examples were their requests were denied, but the stories doesn't end there. Read a little further and we'll know that that rejection redirected them to a greater blessing. If God had answered all our prayers, we wouldn't be here. We don't serve a God who is a yes man. We serve a God who is the reason behind our very existence and the one who calls the stars by name.

I am sure Joseph must have prayed when he was thrown in the well, or when he was sold or when he was in Potiphar's house, but his prayers weren't answered. For a person who hasn't read the entire story would be thinking, 'Hmm... what a cruel God'. But those who know the life of Joseph knows, that one of the reasons he became the Prime Minister of the greatest nation was because of all those unanswered prayers. So next time a prayer is not answered, don't think He forgot you, he denied it because He remembers you and cares for you and He have something better and greater planned ahead. Just watch out for the bigger picture. Because the same hands that hold the stars, are the same hands that holds you.

God wrecks your plans, because if He didn't, it would wreck you!




Prayerful wishes for a blessed married life to

Shalvi

(IPC Bethesda Bahrain)

&

Ann Christy

Best compliments from the family of

Hello Hope ഹലോ ഹോപ്പ്

BEYOND NUMBERS Co.W.L.L

Our Services

- Accounts & Book Keeping,
- Finalisation & Consolidation of Books of Accounts
- Audit Consultants, Tax Planning & Consultation with a professional Touch.

*Our 100% Dedicated & Trust Worthy Team will give you full satisfaction in all Financial, Accounting & Auditing Areas*

As a business you need a team of accounting experts who can take you

**Beyond Numbers.**




Please Contact: **39059535, 36221793, 35620599**

Knowledge Cafe

Jijo Angamaly

# BIBLE QUIZ 19

1. ഈ ദേശത്ത് 60 പട്ടണങ്ങളുണ്ട്. ദേശമേത്?
2. 86 – ൽ ഒരാൾ വാളിന്നിരയായില്ല. രക്ഷപ്പെട്ടതാര്?
3. 'ദൈവത്തിന്റെ സേന' എന്ന് അർത്ഥം വരുന്ന സ്ഥലത്തുവെച്ച് രാജാഭിഷേകം ലഭിച്ചതാർക്ക്?
4. 123 – ാം ജന്മദിനം വരെ ജീവിച്ചിരുന്നതാര്?
5. മകനുവേണ്ടി ഉപവസിച്ച പിതാവാര്?
6. ഭാര്യക്കുവേണ്ടി പ്രാർത്ഥിച്ച ഭർത്താവാര്?
7. പുരോഹിത ഗോത്രത്തിൽ പിറന്ന പ്രവചന ഗ്രന്ഥകാരൻ?
8. ബലി പീഠങ്ങളുടെ മുമ്പിൽ വെച്ച് കൊല്ലപ്പെട്ട പുരോഹിതൻ?
9. ഇടകൈ കൊണ്ട് അനുഗ്രഹിച്ചവൻ?
10. 'ബേൽത്ത്ശസ്സറിനെ സിംഹ ഗുഹയിലിട്ടു'. ശരിയോ തെറ്റോ?

---

1.There are sixty cities in this region. Which region?
2.One out of 86 was not killed. Name the person who has been saved.
3.Who was made king at a place which has the meaning "This is God's camp."?
4.Name the person who lived till his 123 birthday.
5.Name the father who fasted for his son?
6.Name the husband who prayed for his wife?
7.Name the prophet who was born the priestly tribe
8.Name the priest who was killed before the altars.
9.Who use his left hand to bless
10.Belteshazzar was cast in the lion's den. right or wrong?

## WINNERS -18
(Through draw out of correct entries)



**Bible Quiz**
**MANJU NEVIN**
*Ipc Bethel, Bahrain*



**Puzzle**
**CHRIS MATHEW AJE**
*IPC Shalom, Bahrain*

## PUZZLE 19

Peter and Cornelius
Word Search Puzzle

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Y | M | J | Y | V | A | R | D | H | T |
| A | Y | O | Z | P | C | O | V | M | C |
| L | Y | P | V | S | T | M | H | A | O |
| P | C | P | Z | T | S | A | E | E | R |
| E | B | A | U | Q | M | N | I | M | N |
| T | B | J | E | S | U | S | S | H | E |
| E | B | A | P | T | I | Z | E | D | L |
| R | V | G | E | N | T | I | L | E | I |
| C | E | N | T | U | R | I | O | N | U |
| V | R | E | H | E | E | Y | J | B | S |

EACH OF THE WORDS BELOW CAN BE FOUND IN THE GRID ABOVE. THE WORDS WILL BE EITHER LEFT-TO-RIGHT OR UP-TO-DOWN.

1. Acts 2. Cornelius 3. Joppa 4. Centurion 5. Jesus 6. Roman 7. Peter 8. Baptized 9. Gentile


**E-mail : hhgulfnews@gmail.com**
**Whatsapp : 00973 38383399**


ഉത്തരങ്ങൾ മാർച്ച് 10-ന് മുമ്പായി അയക്കുക
**Kindly send the answers by 10th March**

## ശരി ഉത്തരങ്ങൾ Issue #18

### ബൈബിൾ ക്വിസ്

1. ഒബദ്യാവ് – 1 King 18:3
2. മിര്യാം – ആവ.4:9
3. നഹശോൻ – സംഖ്യാ.7:12
4. ഹവ്വ – ഉല്പ.4:1
5. ശേരബ്യാവ് – എസ്രാ 8:18
6. ഭൂമി – 2 പത്രോ.3:6
7. യോവാശ് – ന്യായാ.6:32
8. 1 ശമുവേൽ – 1 ശമു.31:13
9. യൂദ – യൂദ: 14, 15
10. യെഹെസ്കേൽ – യെഹെ.37:9

### Puzzle

1. I am the bread of life - John 6:35
2. I am the light of the world - 8:12
3. I am the door of the sheep - 10:9
4. I am the good shepherd - 10:11
5. I am the resurrection and the life - 11:25-26
6. I am the way, the truth, and the life - 14:6
7. I am the true vine - 15:5

## KINDLY NOTE A FEW IMPORTANT POINTS

*The prime aim behind Hello Hope Knowledge Cafe is to encourage everybody to have a deep knowledge of the Word of God. We are happy to get a great response as we receive hundreds of entries for each issue and the names of those who send correct answers are published accordingly. Quiz Master is dedicating his time and a lot of effort in preparing it. Let us request your attention to the following points upon our feedback:*

1. Kindly do not send answers in the names of your children, if the answers are found by the parents. By doing so, an opportunity for your children to learn the Word of God will be lost. We may also contact the sender in case of doubtful entries for the sake of children.
2. Do not share the answers with others until the next issue comes out.
3. Eventhough, it's fair to discuss with others to find the answers, do not try to copy the answers found by someone else.
4. We were surprised to see forwarded answers without deleting the original names.
5. If we can get appreciation certificate by our faithful acts before God, it will be a great example for others.

# Leaving No Regrets



**Pr. Georgy Mathew Alexios**

***Read: 2 John 8-9***

Salvation in Christ is not a "reward" for good works but is instead the unmerited gift of God's love. A heartfelt "thank you" is appropriate. More than that, thankful service to God is a reasonable response when you have experienced the mercies of God and received by grace the gift of salvation you don't deserve.

H. A. Ironside said, "All who trust in the Lord Jesus are saved, and this totally apart from human merit. But all who profess to believe in Him are responsible to serve Him and to use whatever gift, ability, or means they have for His glory, and to further His interests in this world. There are those who profess to be servants who are not even born of the Spirit. But God holds people accountable for what they know and profess. It is incumbent on those who believe His Word to serve wholeheartedly in view of the day when every one of us shall give an account. In that solemn hour no one will regret having been too much concerned about living for Him. But many will regret the hours spent in selfishness and folly which might have been used for His glory, and talents wasted or hidden away that if properly invested in the light of eternity would have earned Christ's 'well done.' He will reward all that is done in accordance with His Word."

Jesus Christ bore the cost of our salvation that we might enjoy the riches of His grace. Since He willingly paid the price for sin, we are required to serve Him in "newness of life" (Rom. 6:4). According to the Bible, riches in Christ are available now, and rewards for faithful service to Him will be given later. This should motivate us to turn our gratitude to Him into good works for His glory, and thereby have no regrets when we meet Him face to face.

## Bible Quiz & Puzzle
## Those who sent correct answers

Issue 18

1. Lizy Varghese, Sharon Fellowship Church
2. Metty Shibu, Sharon Fellowship Church
3. Jisha Vivek, IPC Hebron
4. Jochebed Susan Thomas, IPC Bahrain
5.Reji Poulose, IPC Bethesda
6. Suja Thomas, IPC Bethesda
7. Jolly Yesudasan, IPC Bethesda
8. Ann Elizabeth George, Assemblies of God
9. Samuel Sam John, St.Thomas Evangelical Church
10. Sherija Josh, IPC Parassala, Trivandrum
11. Johncy Vesily, IPC PCK Kuwait
12. Siji Joy, IPC Thekkumbhagam, Thodupuzha
13. Annie Abraham, IPC Immanuel
14. Mary Francis, IPC Immanuel
15. Suma Sunny, IPC Immanuel
16. Suja James, Church of God, Kuwait
17. Sindhu Joshi, Bahrain Church of Living God
18. Sandra Ann Mathew, IPC Peniel
19. Sally Mathew, IPC Peniel
20. Mathew Issac, Wycombe Prayer Centre, UK
21. Alice Issac Sunny, CSI, Christ Church, Mavelikkara
22. Sajini Brijesh, COGFG Prayer Fellowship
23. Jessy Anish, Immanuel Church, KSA
24. Thankachen V.M, Manama Brethren Assembly
25. Annie Johnson, Manama Brethren Assembly
26. Gibu C. Jose, Manama Brethren Assembly
27. Blessy Lijo, Manama Brethren Assembly
28. John K. Paul, IPC Abudhabi
29. Kripa Mohanan, AG Church, Kasargod Town
30. July Binu, BBA Majlis
31. Sherin Shaju, BBA Majlis
32. Feba Mariyam Varghese, Immanuel Global Mission, Ireland
33. Nissy Paul Rajan, Brethren Assembly, Salmabad
34. Jermit Rony, Revival Fellowship Church
35. Ajeena Dileesh, IPC Bethel
36. Manju Nevin, IPC Bethel
37. Alice George, The Full Gospel Church of Suvartha
38. Ani Satheesh, IPC Ebenezer, Poovathoor, Pullad
39. Jeena Tiju, Church of God Full Gospel
40. Susan shaji, Gilgal Church of God
41. Lijo Arocky, IPC Bersheba Church, TVM
42. Sabitha Samzon, COG In India, Alapuzha
43. Shiny S. Simon, AG, Neyyattinkara, TVM

## Puzzle Only

1. Chris Mathew Aje, IPC Shalom
2. Pebin Paul Penny, IPC Shalom
3. Rincy Gracy Roy, Sharon Fellowship Church
4. Arya Anil, Sharon Fellowship Church
5. Reuben Jeejie Francis, Sharon Fellowship Church
6. Jency Prince, Sharon Fellowship Church
7. Evangeline Grace Bovas, Sharon Fellowship Church
8. P.Glory, Sharon Fellowship Church
9. Sherin Varghese, Nirmal Ministries, Nepal
10. Varghese Mathew, Nirmal Ministries, Nepal
11. Helen Grace, Christ Church International
12. Angel Vinod, IPC Hebron
13. Joanna Ann George, IPC Hebron
14. Ansa Shalu, IPC Hebron
15. Aksah Mary Mathew, IPC Hebron
16. Dawn Ann Manoj, IPC Bahrain
17. Denna Rosen Manoj, IPC Bahrain
18. Esther Lovinson, IPC Bahrain
19. Alby Jinu Abraham, IPC Bethesda
20. Bezalel Benny, IPC Bethesda
21. Aksa Thomas, IPC Bethesda
22. Esther Anna Thomas, IPC Bethesda
23. Alby Jinu Abraham, IPC Bethesda
24. Sheba Saji, IPC Bethesda
25. Ambili Thomas, IPC Bethesda
26. Anugraha Anna Anil, IPC Bethesda
27. Aneeta Thomas, Assemblies of God Church
28. Elona Sara Philip, Assemblies of God Church
29. Ezekiel Viswas Thomas, AG Church
30. Shiji Sijo, St.Thomas Evangelical Church
31. Angel Binu, Rehoboth Revival Church
32. Daniel Lalu, IPC Immanuel
33. Joshua Ben, IPC Immanuel
34. Joanna Susan Shibu, The Heavenly Worship Centre
35. Aaron Johnson, Ghafool Brethren Assembly
36. Jestin Shinu George, The Full Gospel Church Of Philadelphia
37. Hanna Sara Kurien, The Full Gospel Church Of Philadelphia
38. Sam Varghese Methrail, The Full Gospel Church Of Philadelphia
39. Emmanual jis, Bahrain Church of Living God
40. Ansa Saju, Bahrain Church of Living God
41. Aaron Saju, Bahrain Church of Living God
42. Leji Jibin, IPC Peniel
43. Aaron Santhosh, IPC Peniel
44. Kevin Tom, COGFG Prayer Fellowship
45. Sabitha Sujith, COGFG, New Delhi
46. Geena K.Reji, Bethesda Worship Centre, kumarapalayam, Erode
47. Sneha Jane Mathew, IPC Bethel
48. Benita Susan Mathew, IPC Bethel
49. Saira Bindu Mathew, IPC Bethel
50. Lincy Roopesh, Church of God Full Gospel
51. Radhakrishnan, IPC Tamil Church

## Bible Quiz only

1. Biji John, Sharon Fellowship Church
2. Anitha Roy, Christ Church International
3. Annamma Varghese, IPC Bethesda
4. Susan Biju Varghese, The Full Gospel Church of Philadelphia
5. Scici Jaison, New India COG, Aroor,
6. Jancy Stijo, IPC Peniel
7. Achamma K. George, IPC Bethel Church, Thelliyoor, Vennikulam, Pathanamthitta
8. Jibin C. Samuel, Bethesda AG Church, Vashi, Navi Mumbai
9. Anie Mathew, CGFG, New Delhi
10. Sini Binu, IPC Bethel
11. Asha Joelal, IPC Bethel

## Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers can be sent by e-mail and whatsapp.
4. Kindly send name, photo, church and contact number along with answers.
5. Winners will be selected through a draw in case there are more than one correct entry.
6. Winners name and photo will be published in next issue.
7. Attractive prizes will be awarded to winners.
8. Incomplete answers will not be entertained.
9. Bible Quiz answers should be sent along with reference.
10. There will be separate prizes for both Bible Quiz and Puzzle.
11. All those who send correct answers will receive HH Appreciation Certificate.

# സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്ക് കാര്യം സാധിപ്പിക്കും

വിശുദ്ധവേദപുസ്തകത്തിൽ 2 കൂട്ടം ആളുകളെ പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു കൂട്ടർ വിജയിച്ചവർ, മറ്റൊരു കൂട്ടർ പരാജയപ്പെട്ടവർ. പരാജയം നമുക്ക് ഒരു മുന്നറിയിപ്പാണ്. അവർ പരാജയപ്പെട്ടതുപോലെ, വീണുപോയതുപോലെ നാം ആകാതിരിപ്പാൻ. അതെ ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധിയുപദേശത്തിനായി. വിജയിച്ചവർ നമുക്ക ആഹ്വാനം നൽകുന്നു, അവർ ജയിച്ചതുപോലെ നാമും ആയിത്തീരുവാൻ. വിജയിച്ച വ്യക്തിയാണ് യെരുശലേമിന്റെ മതിൽ പണിക്കായി ദൈവം ഉപയോഗിച്ച നെഹമ്യാവ്.

നെഹമ്യാവിന്റെ ജീവിതത്തിലെ ചില വിശിഷ്ടഗുണങ്ങളാണ് നാം ചിന്തിക്കുവാൻ പോകുന്നത്. 2019 -ൽ ഈ ചിന്തകൾ നമുക്ക് അനുഗ്രഹമായിരിക്കട്ടെ.

**1. Nehemiah - A man of Prayer & Fasting :-** രാജാവിന്റെ പാനപാത്രവാഹകനായിരുന്ന നെഹമ്യാവ് പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമായി സമയം കണ്ടെത്തി. ദൈവസന്നിധിയിൽ കരഞ്ഞു, നിലവിളിച്ചു വിഷയം അവതരിപ്പിച്ചു. പ്രാർത്ഥനയും ഉപവാസവും ബലഹീനത അല്ല, ബലവാനായ സർവ്വശക്തനായ ദൈവത്തിന്റെ മുമ്പിലുള്ള അപേക്ഷയാണ്. പഴയനിയമത്തിൽ ദൈവം മറുപടി നൽകി ആദരിച്ച അനേകരുടെ ഉപവാസവും പ്രാർത്ഥനയും കാണുന്നു. സ്വർഗ്ഗീയ മഹിമകളെ വിട്ടു ഈ ലോകത്തിൽ അവതരിച്ച കർത്താവിന്റെ ഉപവാസവും നമുക്കു കാണാൻ കഴിയും. അങ്ങനെയെങ്കിൽ നമുക്ക് അത് എത്രയോ അധികം?

**2. Nehemaih - A man of Burden:-** ആത്മഭാരമുള്ള നെഹമ്യാവ് തന്റെ മാതൃരാജ്യത്തിനുവേണ്ടി അതിയായി ഭാരപ്പെടുന്നു. ഞാൻ ഇവിടെ സുഖത്തോടെ ഇരിക്കുന്നു എന്നാൽ പ്രവാസത്തിൽ നിന്നും തെറ്റി ഒഴിഞ്ഞവർ മഹാകഷ്ടത്തിലും അപമാനത്തിലുമാണ്. പ്രിയ സ്നേഹിതരെ, ദൈവകൃപയാൽ രക്ഷിക്കപ്പെട്ട, നിത്യതക്കായി കാത്തിരിക്കുന്ന മറ്റുള്ളവരുടെ വിഷയത്തിൽ എത്രമാത്രം ആത്മഭാരത്തോടെ ആയിരിക്കുന്നു. ആർ നമുക്കുവേണ്ടി പോകും? അതെ ഞാൻ പോകാം എന്നു പറയുവാൻ ആരുണ്ട്? ദൈവം അത് അന്വേഷിക്കുന്നു. ദൈവമേ എന്നെ അയയ്ക്കേണമേ എന്നു പറയാം.

**3. Nehemaih - A man of Readiness :-** എന്റെ പിതാക്കന്മാരുടെ കല്ലറകളുള്ള പട്ടണത്തിലേക്ക് എന്നെ ഒന്നു അയയ്ക്കേണമേ, മറ്റുള്ളവരെ അയയ്ക്കേണമേ. അവർ പോകട്ടെ എന്നല്ല, ഞാൻ അതിന് ഒരുക്കമാണ്. ഈ ജോലി കൊള്ളാം, ഞാൻ സുഖസൗകര്യത്തിലാണ്, എനിക്ക് കഴിയില്ല എന്നായിരുന്നില്ല തന്റെ മനോഭാവം. ആ ആഗ്രഹത്തെ ദൈവം മാനിക്കുവാൻ ഇടയായി.

**4. Nehemiah - A man of Planning :-** വ്യക്തിപരമായി പദ്ധതി തയ്യാറാക്കിയവൻ. ആർക്ക് പദ്ധതിയും ലക്ഷ്യബോധവും ഉണ്ടോ, അവർക്കായി ദൈവം അസാധ്യതകളെ മാറ്റി സാധ്യതകളുടെ വഴി തുറക്കും. അതെ, നെഹമ്യാവ് ആവർത്തിച്ച് പറയുന്നു സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്ക് കാര്യം സാധിപ്പിക്കും. ആകയാൽ അവിടുത്തെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റ് പണിയും. മോശെ, പൗലോസ് ഇവരൊക്കെ ഇക്കൂട്ടത്തിൽ ഉള്ളവർ ആയിരുന്നു. കർത്താവ് പറയുന്നു 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്ക് ജീവനെ മറുവിലയായ് നൽകുവാനുമാണ് വന്നത്. വ്യക്തമായ പദ്ധതിയായിട്ടാണ് പിതാവാം ദൈവം പുത്രനെ ഈ ലോകത്തിലേക്ക് അയച്ചത്.

**5. Nehemaih - A man of Vision:** Vision ഉള്ളവർക്ക് Mission ഉണ്ടാകും. ആർക്ക് ദർശനം ഉണ്ടോ അവരെ ദൗത്യത്തിനായി ദൈവം അയയ്ക്കും. ദർശനം ഇല്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു. പ്രാർത്ഥിക്കുന്നവർക്ക്, ഉപവസിക്കുന്നവർക്ക് ദർശനവും ദൗത്യവും നൽക്കും. ആ വ്യക്തിക്ക് എതിർപ്പുകൾ ഒരു വിഷയമല്ല. വെല്ലുവിളികൾക്ക് ഭ്രമിക്കയില്ല. സൻബല്ലത്തും തോബിയാവും ഗേശേമും സാരമില്ല, സ്വർഗ്ഗത്തിലെ ദൈവം കൂടെയുണ്ട്. അതെ, എന്റെ ദൈവത്തിന്റെ ദയയുള്ള കരം എനിക്കു അനുകൂലമാണ്. ആകയാൽ മറ്റുള്ളവരുടെ ക്ഷീണിപ്പിക്കുന്ന തളർത്തികളയുന്ന വാക്കുകളുടെ മുമ്പിൽ ദൈവവേലയിൽ നിന്നും അകന്നു നിൽക്കാതെ നെഹമ്യാവിനെപ്പോലെ ദർശനത്തോടെ പ്രവർത്തിക്കാം.

**6. Nehemaih - A Man of Solidarity :-** ആദർശഐക്യമുള്ള നെഹമ്യാവ്. ദൈവത്തിന്റെ കരം എനിക്ക് അനുകൂലം, രാജാവ് എനിക്കുവേണ്ടി പ്രവർത്തിക്കുവാൻ തയ്യാറായി ഈ വാക്കുകൾ ഞാൻ അവരെ അറിയിച്ചു. അവൻ പറയുന്നു, നാം എഴുന്നേറ്റു പണിയുക. ഒരുവൻ പ്രാർത്ഥനയോടെ ആയിരുന്നപ്പോൾ ദൈവം ഓരോ വാതിലുകൾ തുറന്നു തരുവാൻ തയ്യാറായി. അത്ഭുതം നെഹമ്യാവിനുവേണ്ടി ഇറങ്ങിവന്നു.



പാസ്റ്റർ ജെ. ജോൺസൺ

**7. Nehemaih - A Man of Dedication -** സമർപ്പണമുള്ള നെഹമ്യാവ്. ആകയാൽ അവിടുത്തെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റു പണിയും. എത്ര ധീരമായ വാക്കുകൾ, പ്രബലമായ ആളുകളാണ് തനിക്ക് എതിരെ നിന്നവർ.

സൻബല്ലത്ത് - ശമര്യയുടെ ഗവർണ്ണർ, തോബിയാവ് - മാന്യതയുള്ള നേതാവ്, ഗേശേം - അറബ് ചീഫ്. പക്ഷെ ദൈവം അനുകൂലമെങ്കിൽ പ്രതികൂലം ആർ? ദൈവം എഴുന്നേല്ക്കുമ്പോൾ ശത്രുക്കൾ ചിതറിപ്പോകുന്നു. പ്രാർത്ഥിക്കുന്ന ഒരുവന്റെ മുമ്പിൽ, ദർശനമുള്ളവനുവേണ്ടി, സമർപ്പണത്തോടെ മുന്നേറുന്നവനുവേണ്ടി സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കരം അനുകൂലം, ദൈവം കാര്യം സാധിപ്പിക്കും.

ആകയാൽ പ്രിയ സ്നേഹിതരേ, നെഹമ്യാവിനെപ്പോലെ 2019 ൽ കർത്താവിനുവേണ്ടി, ദൈവരാജ്യത്തിനായി നമുക്കും നിലനിൽക്കാം. നെഹമ്യാവിന്റെ ജീവിതം നമുക്കു ഒരു മാതൃകയും ആഹ്വാനവും ആയിരിക്കട്ടെ. ശക്തമായി കർത്താവിനായി നിലനിൽക്കാം. ദൈവം നമ്മെ അതിനായി അനുഗ്രഹിക്കട്ടെ.

## IPC BETHEL BAHRAIN
## "EMPOWER" -GOSPEL & MUSICAL EVENING




ഹലോ ഹോപ്പ് മാഗസിൻ ഓൺലൈനിൽ വായിക്കുവാൻ സാധിച്ചു. ആദ്യമായിട്ടാണ് മാഗസിൻ പരിചയപ്പെടുന്നത്. ഏറ്റവും നല്ല ലേഖനങ്ങൾ, ചിന്തകൾ...ദൈവം പ്രവർത്തനങ്ങളെ അനുഗ്രഹിക്കട്ടെ. അനേകർക്ക് അനുഗ്രഹം ആവട്ടെ.



ബിൻസൻ, ഡെറാഡൂൺ

HH Inbox


തക്കതുണ

HH Matrimonial

Searching suitable alliance for pentecostal boy (28y) working in Bahrain.

Tel: +973 669117697, +91 8157885846

E-mail: jerinm090@gmail.com

# Sharon Fellowship Church, Bahrain
## 12th Annual Memory Verse Competition
## PRESIDENTS'S AWRAD Winners

12th Annual Memory Verse Competition PRESIDENT'S AWARD 2018


Aaron Timothy


Annamma Varghese


Arya Anil


Nevin Renjith


Gladson Bethel Jaison


Hanan Anna Cherian


Jincy Joji


Joslin Prasad


Metty Shibu


Pheba Mony


Rajana Thomas


Sajjan C. Chacko


Shirly Thimothy


Sini Babu George


Sinu Varghese


Usha Mathews Cherian

നന്ദിയുള്ളവരായിരിക്കുക...

# ദൈവത്തോടും മനുഷ്യരോടും

**ജോർജ് ജോസഫ്**

*ഒന്നാം പേജിൽ നിന്നും തുടർച്ച*

തങ്ങൾ അറികയോ തങ്ങൾക്കു നിയമിച്ചു കിട്ടുകയോ ചെയ്തിട്ടില്ലാത്ത അന്യദൈവങ്ങളെ അവർ ചെന്നു സേവിക്കയും നമസ്ക്കരിക്കുകയും ചെയ്തു' (ആവർത്തനം 29: 24-25).

അവർ ദൈവത്തിന്റെ വഴികളെ വിട്ടുനടന്നു എങ്കിലും ദൈവം ഇപ്പോഴും അവരെ സ്വീകരിക്കുവാൻ തയ്യാറാണ്. പക്ഷെ നീ ജിവിച്ചിരിക്കേണ്ടതിന് നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിപ്പാൻ തക്കവണ്ണം നിന്റെ ദൈവമായ യഹോവ നിന്റെ ഹൃദയവും നിന്റെ സന്തതിയുടെ ഹൃദയവും പരിച്ഛേദന ചെയ്യും. എവിടെയാണ് ഈ പരിച്ഛേദന നടക്കേണ്ടത്? ഹൃദയത്തിൽ. കാരണം ഹൃദയത്തിന് ഒരു പരിച്ഛേദനയും ഒരു ആത്മീയ പുതുക്കവും ആവശ്യമാണ്.

എത്രപ്രാവിശ്യം അവർ ദൈവത്തോട് മത്സരിച്ചു. മിസ്രയീമിൽ നിന്നും യിസ്രായേൽ ജനതയെ ഇറക്കികൊണ്ടുവരുവാൻ അവർക്കുവേണ്ടി ദൈവം ചെയ്ത അത്ഭുതങ്ങളേയും അടയാളങ്ങളേയും അവർ മറന്നു കളഞ്ഞു. ദൈവം അവരെ നടത്തിയ വിധങ്ങളെ ഓർത്തില്ലെങ്കിൽപ്പോലും, അതൊക്കെ ക്ഷമിച്ചു ദൈവം അവരെ തിരികെ കൊണ്ടുവന്നു.

നാമും പലപ്പോഴും യിസ്രായേൽ മക്കളെപ്പോലെ ആയി തീർന്നിട്ടില്ലേ? ദൈവത്തിൽ നിന്നും അകന്നു എന്നോർത്ത് ഭാരപ്പെടേണ്ടതില്ല. ദൈവത്തിങ്കലേക്ക് തിരിയുന്നുവെങ്കിൽ ഒരു പുതിയ ആരംഭം ദൈവം വാഗ്ദാനം ചെയ്യുന്നു. പുതുവർഷത്തിൽ നമുക്കു വേണ്ടത് പുത്തൻ അനുഭവമാണ്. കഴിഞ്ഞതിനെക്കുറിച്ച് അനുതപിച്ചിട്ടു കാര്യമില്ല. അത് എന്നന്നേക്കുമായി നഷ്ടപ്പെട്ടു കഴിഞ്ഞു. തുടർന്ന് കർത്താവ് തരുന്ന നല്ല സന്ദർഭങ്ങളെ ആവോളം പ്രയോജനപ്പെടുത്താം.

ഇന്നലകൾ ചരിത്രമായി മാറിക്കഴിഞ്ഞു. അതുകൊണ്ട് നമുക്ക് ലഭിച്ചിരിക്കുന്ന അവസരം തക്കത്തിൽ ഉപയോഗിക്കാം. പുതിയ വർഷത്തിന്റെ പാത നമുക്ക് അപരിചിതമാണ്. ദൈവകരങ്ങളിൽ നമ്മെ സമർപ്പിക്കുന്നു എങ്കിൽ പുതിയ വർഷത്തിന്റെ പാതകൾ നമുക്ക് സുപരിചിതമായ പാതയെക്കാളും ശ്രേഷ്ഠവും സുരക്ഷിതത്വവുമുള്ളതായിതീരും. പുതിയ സമർപ്പണം, പുതിയ തീരുമാനങ്ങൾ, കർത്താവിനായി പുതിയ കാൽവെയ്പുകൾ ഇതായിരിക്കട്ടെ നമ്മുടെ പുതു വർഷത്തിലെ മുദ്രാവാക്യം.



***Pr. P.C. Varghese** (President, Sharon Fellowship Church Bahrain) **honoured Dr. Blessed Prince** (Blessed Prince Ministries, India) **for organising the Gospel Musical Evening titled "Jeshurun"***

HH Rhythm

# *Mirror, Mirror*


**Mahima Susan Joseph**

*Mirror, Mirror on the wall*
*I wonder if you can see it all*
*The secrets and the lies*
*Hidden beneath the smiles*
*Mirror, Mirror on the wall*
*I wonder if you can see it all*
*The lullaby tears*
*And the unspoken fears*
*Mirror, Mirror on the wall*
*I wonder if you can see it all*
*A damaged reputation*
*And the suicidal ideation*
*Mirror, Mirror, on the wall*
*I wonder if you can see it all*
*The resounding resilience*
*In the deafening silence*
*Mirror, Mirror on the wall*
*I wonder if you can see it all*
*The desire for a better life*
*In the midst of all the strife*
*Mirror, Mirror on the wall*
*I wonder if you can see it all*
*The bruised warrior*
*Being more than*
*a conqueror*
*Mirror, Mirror on the wall*
*I wonder if you can*
*see it all*
*God's trophy of grace*
*Meant to win this race*
*Mirror, Mirror on the wall*
*I wonder if you can see it all*
*A future inspiration*
*To take Jesus to the*
*next generation*
*Mirror, Mirror on the wall*
*I wonder if you can see it all*
*The Gospel and God's glory*
*Coming alive through*
*my story*
*Mirror, Mirror on the wall*
*I wonder do you*
*really see it all?*

## കർത്താവിൽ നിദ്ര പ്രാപിച്ചവർ



**Mary George** (73)
Shaji Sadanam, Vellakulangara
Manakala, Adoor
Mother of Bro. Jacob George
(Assemblies of God Church, Bahrain)



**P.M Cherian** (75)
(Macroni Babychayan)
Puthenparampbil
Kottayam
Brother in law of Pr. Thomas Samuel
(Teeyes Kappamammottil, USA)

# We are all One in Christ, Bahrain

# LEADERSHIP AND SPIRITUAL WARFARE



























## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

**Hello Hope Prayer Cell**

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

“ഹലോ ഹോപ്പ്” ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ്ണ ഉത്തരവാദിത്വം എഴുത്തുകാർക്കും പരസ്യദാതാക്കൾക്കും മാത്രമാണ്.

-എഡിറ്റർ-

Views and opinions expressed in various articles, features and advertisements in “Hello Hope” are only of the writers and advertisers and not necessarily of the publishers.

-Editor-

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിലും ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:

**Hello Hope Journal**
**P.O. Box :10489**
**Kingdom of Bahrain**
hhgulfnews@gmail .com
00973 38383399

*HH Inbox*

**ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.**

Contact:
**+973 33552886**

HH STEERING

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN

Exclusive Gulf Representative
فينكس للتسويق والابداع ذ.م.م
PHOENIX MARKETING & CREATIONS W L L

© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.